# വൃത്താന്തം

മാർച്ച് 2022 യുഗാബ്ദം 5123 പുസ്തകം: 6 ലക്കം: 3





## സുഭാഷിതം

**"മുറിപ്പവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
ഇറുപ്പവന്നും മലർ ഗന്ധമേകും
പരോപകാരപ്രവണം പ്രപഞ്ചം."**

**അർത്ഥം:-** തന്നെ മുറിച്ചു മാറ്റുന്നവനും മരം തണൽ നൽകും. തന്നെ കൊല്ലാൻ വരുന്നവനുവേണ്ടിയും കിളി പാട്ട് പാടും. അടർത്തിയെടുക്കാൻ വരുന്നവനുവേണ്ടിയും പൂവ് മണം പടർത്തും. പ്രപഞ്ചമെന്നതേ മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്ന സ്വഭാവത്തോടുകൂടിയതാണ്!

## അമൃതവചനം

### ശാരദാദേവി പറഞ്ഞു

നിങ്ങൾക്ക് മനസ്സമാധാനം വേണമെന്നുണ്ടെങ്കിൽ മറ്റുള്ളവരുടെ കുറ്റങ്ങൾ കാണരുത്. നിങ്ങളുടെ സ്വന്തം വീഴ്ച കളെ ഗൗനിക്കുക. ഒരു വ്യക്തി മറ്റുള്ളവരിൽ കുറ്റം കാണാൻ ശ്രമിച്ചാൽ അവന്റെ മനസ്സ് തന്നെയാണ് മലിനമാകുന്നത്.

## ബോധകഥ



# സേവനവും ഉപാസന തന്നെ

ഒരു ഗുരുവിനു രണ്ടു ശിഷ്യന്മാരുണ്ടായിരുന്നു. രണ്ടുപേരും നല്ല ഭക്തിയുള്ളവരായിരുന്നു. രാവിലെ ഉപാസന കഴിഞ്ഞ് രണ്ടുപേരും പതിവായുള്ള ആതുരസേവനത്തിന് ഗുരുവിനെ തുണയ്ക്കാറുണ്ടായിരുന്നു.

ഒരു നാൾ ഉപാസനസമയത്ത് ഓർക്കാപ്പുറത്ത് ഒരു രോഗി വന്നു. രോഗിയെ കണ്ട ഗുരു ശുശ്രൂഷയിൽ ഏർപ്പെട്ടു. രോഗിയോട് സംസാരിച്ച് കാര്യസ്ഥിതി മനസിലാക്കിയപ്പോൾ ഉടനെ സഹായത്തിനു വരുവാനായി ഗുരു ശിഷ്യന്മാരുടെ അടുത്തേയ്ക്ക് ആളെ പറഞ്ഞയച്ചു. കുറച്ചു മാത്രം പൂജ ബാക്കിയുണ്ടെന്നു പറഞ്ഞ് വിനയത്തോടെതന്നെ അവർ വന്നയാളെ തിരിച്ചയച്ചു. രോഗിയുടെ നില മനസ്സിലാക്കിയ ഗുരു വീണ്ടും ആളെ അയച്ചു. ഇത്തവണ ശിഷ്യന്മാർ അമാന്തം കാണിച്ചില്ല. എന്നാൽ വന്നുകഴിഞ്ഞ അവരുടെ മുഖത്ത് തൃപ്തിക്കുറവ് കാണാമായിരുന്നു. അത് മനസ്സിലാക്കിയ ഗുരു പറഞ്ഞു. "ഞാൻ നിങ്ങളെ വിളിച്ചത് രോഗിക്കു സേവനം അത്യാവശ്യമായതുകൊണ്ടായിരുന്നു. ഉപാസനയും പ്രാർത്ഥനയുമെല്ലാം ദേവന്മാർക്കുമാകാം. എന്നാൽ സേവനം ചെയ്യുന്നത് മനുഷ്യർ മാത്രമാണ്. ദേവന്മാർ സേവനം ചെയ്യുന്നതായി കണ്ടിട്ടില്ല. അവശർക്കും അഗതികൾക്കും സേവനമാണാവശ്യം. അതിന് മനുഷ്യൻതന്നെ വേണം. സമയം തെറ്റാനും പാടില്ല. സമയം തെറ്റിയാൽ സേവ നിഷ്ഫലമായിപ്പോകും. സേവനം കഴിഞ്ഞിട്ടും നമുക്ക് ഉപാസന തുടരാൻ കഴിയുമല്ലോ!"ശിഷ്യന്മാർ ഗുരുവിനെ തൊഴുതിട്ട് വിളിച്ച കാര്യത്തിൽ വ്യാപൃതരായി.

മുഖപ്രസംഗം

# കർണാവതിയിൽ നിന്നുള്ള സന്ദേശം

സമാജത്തെ ശാക്തീകരിക്കുകയും രാഷ്ട്ര ജീവിതത്തെ സമൃദ്ധമാക്കുകയും ചെയ്യുന്നതിനുള്ള കർമ്മ പദ്ധതിയാണ് കർണാവതിയിൽ മൂന്ന് ദിവസമായി നടന്ന രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ അഖില ഭാരതീയ പ്രതിനിധി സഭ മുന്നോട്ടുവച്ചത്. രണ്ട് വർഷം സമാജ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിച്ച കൊവിഡ് പ്രതിസന്ധികളിൽ നിന്ന് മറികടന്ന് നവോന്മേഷത്തോടെ മുന്നോട്ട് കുതിക്കാനുള്ള പ്രേരണയാണ് അത് നൽകുന്നത്. സംഘടനാ ശക്തി വിപുലീകരിച്ച്  മാത്രമല്ല സമാജത്തെയാകെ ഒരുമിച്ച് ചേർത്ത് ഈ ലക്ഷ്യം പൂർത്തീകരിക്കണം. അതിന് സ്വാവലംബിയായ, സ്വാശ്രയ പൂർണമായ ജീവിതങ്ങൾ ഉണ്ടാകണം. യുവാക്കൾ തൊഴിലന്വേഷികളായല്ല, തൊഴിൽ സംരംഭകരും തൊഴിലുടമകളുമാകണം ... സ്ത്രീകൾ രാജ്യത്തിന്റെ സാമ്പത്തിക ശാക്തീകരണത്തിൽ മുഖ്യ പങ്കാളികളാകണം.. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിലേക്ക് സമസ്ത മേഖലകളിലുമുള്ള ജനങ്ങൾ എങ്ങനെയാണോ സ്വയം പ്രേരിതരായി ഇറങ്ങിത്തിരിച്ചത് സമാനമായ രീതിയിൽ ഓരോ പൗരനും ഉല്പാദന വിതരണ വിപണന രംഗങ്ങളിൽ സക്രിയരാകണം.

രാജ്യം സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവ വേളയിലാണ്. സ്വാതന്ത്ര്യം തനിമയുടെ ആധാരത്തിലുള്ള ഒരു നാടിന്റെ ഉണർവ്വ് കൂടിയാണ്. സ്വത്വം നഷ്ടമായിട്ട് എന്ത് നേടിയിട്ടും കാര്യമില്ല. സ്വത്വം എന്നത് നമ്മുടെ അഭിമാനമാണ്. സംഘടിത ബോധവും ദേശീയതയും എല്ലായിടത്തും എത്തേണ്ടതുണ്ട്. അത് യുദ്ധം ചെയ്യുന്ന സൈനികരിലോ രാജ്യം ഭരിക്കുന്നവരിലോ മാത്രമല്ല ഓരോ ഗ്രാമങ്ങളിലും ഓരോ വ്യക്തിയിലുമുണ്ടാകണം. നമ്മുടെ ഗ്രാമങ്ങളുടെ അഭിമാനവും അതിലൂന്നിയ ജീവിതവും ഉയരണം. ഗ്രാമവികാസ പ്രവർത്തനങ്ങളുടെ ഭാഗമായി കൃഷി, ഗോസംരക്ഷണം, വിദ്യാഭ്യാസം അടക്കം ഗ്രാമത്തിന്റെ സ്വാശ്രയത്വം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ സജീവമാകണം..

നാടിനെതിരായ പ്രചാരണങ്ങൾക്ക് ഭാവാത്മകമായ മറുപടി നല്കണം. ചില കോണുകളിൽ നിന്ന് മനപ്പൂർവം നടത്തുന്ന ശ്രമങ്ങളുടെ ഫലമായും അജ്ഞത മൂലവും വിദേശങ്ങളിൽ ഭാരതത്തിനെതിരായ പ്രചാരണം കാലങ്ങളായി നടക്കുന്നുണ്ട്. ഇത്തരം നീക്കങ്ങളെ ചെറുക്കാൻ ഓരോ വ്യക്തിയും രാഷ്ട്ര ചരിത്രത്തെക്കുറിച്ച് ശരിയായി മനസിലാക്കണം.

. പ്രഭാവിത ഭാരതം എന്ന സങ്കൽപ്പത്തിൽ അടിസ്ഥാനമാക്കി സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായ അമൃത മഹോത്സവ പരിപാടികൾ രാജ്യം മുഴുവൻ സംഘടിപ്പിച്ച് വരികയാണ്.

ഭാരതത്തിന്റെ സാമ്പത്തിക മാതൃക തൊഴിൽ സൗഹൃദവും പരിസ്ഥിതി അനുകൂലവും ചെറുകിട സംരംഭങ്ങളെ പിന്തുണയ്ക്കുന്നതുമാവണമെന്ന പ്രതിനിധി സഭയുടെ സന്ദേശം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിനു മാർഗദർശനമാണ്. സ്വദേശീ സ്വാവലംബ മാതൃകയാവണം നാം മുന്നോട്ട് വെയ്ക്കേണ്ടത്. സാംസ്ക്കാരികവും സമ്പന്നവുമായ രാഷ്ട്രമായി ഭാരതം മാറണം. യുവാക്കൾക്ക് അവരുടെ കഴിവുകൾക്കനുസൃതമായ അവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സർക്കാരിന്റെ പ്രവർത്തനം ഈ ലക്ഷ്യം മുൻനിർത്തിയാണ്. സമാജവും ഇതിനായി പ്രവർത്തിക്കണം. ഒരുമിച്ച് മുന്നേറാം.... ലോകത്തിന് വഴി കാട്ടും

# വയനാടും കരിന്തണ്ടൻ മൂപ്പനും, ചങ്ങല മരവും



ഏറ്റവും പ്രത്യേകതകൾ നിറഞ്ഞ കേരളത്തിലെ ഒരു പ്രദേശമാണ് വയനാട്. വയലുകളും കുന്നുകളും കാടും എല്ലാം ചേർന്ന് പ്രകൃതി ഒരുക്കിയിരിക്കുന്ന ഒരാവാസ വ്യവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ അവിടെയുള്ളവർക്ക് ഓരോ പ്രദേശത്തേക്കുറിച്ചും മിത്തും ചരിത്രവും ചേർത്തുവയ്ക്കാവുന്ന നിരവധി കഥകളും വ്യക്തിത്വങ്ങളും തലമുറകൾക്കായി കാത്തുവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ വളരെ പ്രത്യേകതയുള്ളതാണ് കരിന്തണ്ടൻ മൂപ്പനും, ചങ്ങലമരവും.

ഗോത്ര സമൂഹങ്ങളിൽ എല്ലാ അർത്ഥത്തിലും പിന്നോക്കം നിൽക്കുന്ന സമൂഹമാണ് പണിയർ. അവരുടെ കുലദൈവമായിട്ടാണ് കരിന്തണ്ടൻ മൂപ്പൻ അറിയപ്പെടുന്നത്. പൂർവ്വികരെ ഓർമിക്കുക ആദരിക്കുക, അവരെ ആവാഹിച്ച് സ്വയം ആവേശിച്ച് വർത്തമാനകാലത്തെക്കുറിച്ച് തീർപ്പുകൾ കൽപ്പിക്കുക എന്നിവയെല്ലാം പണിയരുടെ സ്വതസിദ്ധമായ പ്രത്യേകതകൾ ആണ്.

കരിന്തണ്ടൻ മൂപ്പന്റെ ഉണ്മയില്ല ഇവയെല്ലാമുണ്ട്. അദ്ദേഹത്തിന്റെ ജീവിചരിത്രമോ, രേഖകളോ ഒന്നും വ്യക്തമായി ലഭ്യമല്ലെങ്കിലും തലമുറകളായി കേട്ടുവന്നതും ചൊല്ലിപ്പഠിച്ചതുമായി അടയാളപ്പെടുത്തിയിട്ടുള്ള കഥയിങ്ങനെ.

1700–1750 നും ഇടയിലാണ് മൂപ്പൻ താമരശ്ശേരി അടിവാരത്തോടു ചേർന്ന് അരോഗദൃഢഗാത്രനും കരിമ്പാറയുടെ നിറയും തിളങ്ങുന്ന കണ്ണുകളും എല്ലാം അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. കാട്ടിൽ ആടുമേച്ചും പച്ചമരുന്നും ഉൽപ്പന്നങ്ങളും തേടിയും ആണ് മൂപ്പനും ഉപജീവനും കഴിച്ചിരുന്നത്. അതിനാൽ അവിടത്തെ കാടിന്റെ പ്രത്യേകതകളെക്കുറിച്ച് കൃത്യമായ ധാരണയും ഉള്ളയാളായിരുന്നു മൂപ്പൻ. ദൈവത്തിന്റെ അനുഗ്രഹമെന്നോണം മൂപ്പന് ധരിക്കൻ പട്ടും വളയും ഉണ്ടാവുകയും ചെയ്തിരുന്നു. അത് ധരിച്ചിരിക്കുന്ന സമയങ്ങളിൽ മരണഭയം ഉണ്ടാവുകയില്ല എന്ന അനുഗ്രഹവും ഉണ്ടായിരുന്നതായിട്ടാണ് പഴമൊഴി.


അക്കാലത്ത് കേരളം ഉൾപ്പെടെ ഭാരതത്തിന്റെ ഭൂപ്രദേശങ്ങൾ ബ്രിട്ടീഷ് കോയ്മയുടെ തേർവാഴ്ചയ്ക്കു വിധേയമായിട്ടായിരുന്നു. എന്നാൽ അവരുമായിട്ടുള്ള കച്ചവടബന്ധങ്ങൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. കോഴിക്കോട് സാമൂതിരിയുടെ സഹായത്തോടെ വിദേശികൾ വിശിഷ്യ ഇംഗ്ലീഷുകാർ പല വ്യാപാര ബന്ധങ്ങളും ഉണ്ടാക്കിയെടുക്കുകയും സാമൂതിരിയുടെ കീഴിലായിരുന്ന വയനാട്ടിലെ സുഗന്ധദ്രവ്യങ്ങൾ കച്ചവടത്തിനായി പ്രയോജനപ്പെടുത്തുകയും ഉണ്ടായി. അങ്ങനെ വരുന്ന ഉൽപ്പന്നങ്ങളെ ബേപ്പൂരിൽ കടൽ മാർഗ്ഗം വിദേശത്തേക്ക് കൊണ്ടുപോകാൻ റോഡ് മാർഗ്ഗം അത്യാവശ്യമാവുകയും ചെയ്തു. അങ്ങനെയാണ് വയനാട്ടിൽനിന്നും കോഴിക്കോട്ടേക്ക് ഒരു പാതവെട്ടാൻ തീരുമാനമായത്. എന്നാൽ അതിന് ഏറ്റവും വലിയ തടസ്സം താമരശ്ശേരിയുടെ അടിവാരത്തെ മലനിരകളുടെ കാടുമായിരുന്നു. ആ പ്രശ്നം പരിഹരിക്കപ്പെടാനായിട്ടാണ് പലർ മുഖേന കരിന്തണ്ടൻ മൂപ്പനെ കണ്ടെത്തി വഴിവെട്ടാൻ ശ്രമം നടത്തിയത്. ഏറെ പരിശ്രമങ്ങളുടെ ഫലമായി അടിവാരത്ത് നിന്ന്ചിപ്പിലിത്തോട് വഴി ലക്കിടി വൈത്തിരിക്ക് 14 കിലോമീറ്റർ ദൂരമുള്ള പാത കണ്ടെത്തുകയും ചെയ്തു. പക്ഷേ പാതയുടെ നിർമാണം പൂർത്തിയായതോടെ വഴികാട്ടിയായി മുന്നിൽ വന്നിരുന്ന മൂപ്പനുമായി ഇംഗ്ലീഷുകാർ തെറ്റി. അതിനു കാരണം താൻ കാട്ടിത്തന്നതും പാത വഴി കച്ചവടവും യാത്രയും നടത്താമെ

ങ്കിലും തന്റെ നാടിനേയും തദ്ദേശീയ ജനവിഭാഗങ്ങളേയും കൊള്ളയടിക്കാൻ പാടില്ല എന്ന വ്യവസ്ഥ ഉണ്ടാകണമെന്ന് മൂപ്പൻ ശഠിച്ചു. അക്കാര്യം ഇംഗ്ലീഷുകാർക്ക് സമ്മതമല്ലായിരുന്നു. അതിന് പരിഹാരമായി അവർ കണ്ടെത്തിയ വഴിയാണ് കരിന്തണ്ടൻ മൂപ്പനെ വകവയ്ക്കുക എന്നത്. ദൈവാനുഗ്രഹത്താൽ തനിക്ക് കിട്ടിയ പട്ടും വളയും ധരിക്കാതിരുന്ന സമയത്ത് തക്കം പാർത്ത് ചതിവിൽ ഇംഗ്ലീഷുകാർ  വെടിവച്ചു കൊല്ലുകയാണ് ഉണ്ടായത്. അകാലമൃത്യു വരിച്ച മൂപ്പന്റെ ആത്മാവ് സമാധാനം ലഭിക്കാതെ ചുരത്തിൽ തന്നെ അലഞ്ഞുതിരിഞ്ഞു. പാത തുറന്ന് ഗതാഗതം ആരംഭിച്ചെങ്കിലും അപകടമരണങ്ങളും ദ്രവ്യനാശവും ചുരത്തിലെ വഴിയിൽ വർധിച്ചതോടെ അതിന് പ്രതിവിധി തേടി അധികൃതർ ഒരു ജ്യോതിഷിയെ കാണുകയും അദ്ദേഹത്തിന്റെ നിർദേശപ്രകാരം കരിന്തണ്ടന്റെ ആത്മാവിനെ ഒരു ചങ്ങലയിൽ ആവാഹിച്ച് ലക്കിടയിലെ മരത്തിൽ സ്ഥാപിച്ചു. ആ മരവും ചങ്ങലയുമാണ് ഇന്ന് അവിടെ ചങ്ങലമരം. ഈ ചങ്ങലക്കും മരത്തിനും നൂറുവർഷത്തെ പഴക്കമാണ് പറയപ്പെടുന്നത്.

തന്റെ സമൂഹത്തിനും നാടിനും ചൂഷണത്തിന്റെ കയ്പ്പ് അനുഭവിക്കേണ്ടിവരുമെന്ന് ഉള്ള തിരിച്ചറിവാണ് കരിന്തണ്ടൻ മൂപ്പനെ പ്രതിഷേധിക്കാൻ പ്രാപ്തനാക്കിയതും. അതിനായി ബലിദാനിയാവാനും ധീരതയുള്ളവനാക്കിയത്. ഈ ഒരു തിരിച്ചറിവ് വർത്തമാനകാല ലോകത്തിനും പുതിയ തലമുറകൾക്കും മനസ്സിലാവണം. അത് മുൻനിർത്തിയാണ് കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി (12 വർഷം) പണിയ സമുദായ അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് കരിന്തണ്ടൻ സ്മൃതി യാത്ര ചുരപാതയിലൂടെ 14 കി.മീ. നടത്തുന്നത്.

ഇത്തവണത്തെ യാത്ര മാർച്ച് 13  ഞായറാഴ്ചയാണ്. അതിന്റെ വലിയ പ്രത്യേകത മൂപ്പന്റേതായി ഒരു പ്രതിമ ചങ്ങലമരച്ചുവട്ടിൽ സ്ഥാപിക്കാൻ പോകുന്നു എന്നതാണ്. അതിനായി കളമൊരുക്കിയത് പിഇഇപി എന്ന സന്നദ്ധ സംഘടനയും, കരിന്തണ്ടൻ മൂപ്പന്റെ ചങ്ങലമരം നിലനിൽക്കുന്ന ഭൂമിയുടെ ഉടമസ്ഥരുമാണ്. അതൊരു ചരിത്ര നിമിഷം കൂടിയാണ്.

# ലോക ചെസ് ചാമ്പ്യനെ അട്ടിമറിച്ച പ്രജ്ഞാനന്ദയെ അഭിനന്ദിച്ച് പ്രധാനമന്ത്രി



**ന്യൂഡൽഹി:** ലോക ചെസ്ചാമ്പ്യൻ മാഗ്നസ്കാൾസനെ അട്ടിമറിച്ച ഇന്ത്യയുടെ കൗമാര താരം ഗ്രാൻഡ് മാസ്റ്റർ ആർ പ്രജ്ഞാനന്ദയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രജ്ഞാനന്ദയുടെ വിജയത്തിൽ നമ്മളെന്നാവരും സന്തോഷിക്കുവെന്ന് പ്രധാനമന്ത്രി കുറിച്ചു. ട്വിറ്ററിലൂടെയാണ് അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രി എത്തിയത്. എയർതിംങ് മാസ്റ്റേഴ്സ് ഓൺലൈൻ റിപ്പിഡ് ചെസ്ടൂർണമെന്റിലാണ് 16 കാരനായ പ്രജ്ഞാനന്ദ, കാൾസനെ വീഴ്ത്തിയത്. യുവപ്രതിഭയായ ആർ. പ്രജ്ഞാനന്ദയുടെ വിജയത്തിൽ എല്ലാവരും ഒരുപോലെ സന്തോഷിക്കുന്നു. ലോക ചെസ് ചാമ്പ്യൻ മാഗ്നസ് കാൾസനെതിരെ നേടിയ വി ജയത്തിൽ രാജ്യം അഭിമാനിക്കുകയാണ്. പ്രതിഭാധനനായ പ്രജ്ഞാനന്ദയുടെ നല്ലഭാവിയ്ക്കായി ആശംസകൾ നേരുന്നു' പ്രധാനമന്ത്രി കുറിച്ചു. ടൂർണമെന്റിന്റെ എട്ടാം റൗണ്ടിലാണ് ലോകചാമ്പ്യന് അടിതെറ്റിയത്. 30 നീക്കങ്ങൾക്കൊടുവിൽ പ്രജ്ഞാനന്ദ വിജയം നേടുകയായിരുന്നു. കാൾസനെ തോൽപ്പിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ താരവും മൂന്നാമത്തെ ഇന്ത്യൻ താരവുമാണ് പ്രജ്ഞാനന്ദ. ചെന്നൈ സ്വദേശികളായ രമേശ്ബാബുവിന്റേയും നാഗലക്ഷ്മിയുടേയും മകനായ പ്രജ്ഞാനന്ദ 2005 ഓഗസ്റ്റ് 10നാണ് ജനിച്ചത്. സഹോദരി വൈശാലി രമേശ്ബാബുവാണ് പ്രജ്ഞാനന്ദയുടെ വഴികാട്ടി. ഗ്രാൻഡ്മാസ്റ്റർ പദവിയുള്ള വൈശാലിയുടെ ചെസ്സ്കളിയിലെ നീക്കങ്ങളാണ് പ്രജ്ഞാനന്ദയെ വലിയ കളിക്കാരനാക്കിയത്.



# ഭഗത് സിങ്, രാജ്ഗുരു, സുഖ്ദേവ് സ്മൃതി - മാർച്ച് 23

**മാ**ർച്ച് 23, ദേശസ്നേഹികളായ ഭാരതീയരുടെ സിരകളിൽ ആത്മാഭിമാനത്തിന്റെ തിരയിളക്കം സൃഷ്ടിക്കുന്ന ദിവസമാണ്. സ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചം ഭാരതത്തിന്റെ ഹൃദയാകാശത്ത് തെളിഞ്ഞ് കത്തുവാൻ ജീവിതം സമർപ്പിച്ച 3 ദേശാഭിമാനികളുടെ സ്മൃതിദിനമാണ് അന്ന്. ഭഗത് സിംഗ്: 1907 സെപ്തം: 28 ന് പഞ്ചാബിലെ ലയാൽപ്പൂരിൽ ജനിച്ച ഭഗത് സിംഗ് ആര്യസമാജത്തിന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന ദയാനന്ദ ആഗ്ലോ വേദിക് സ്കൂളിൽ പഠിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിത്തീർന്നു. ഈ കാലയളവിൽ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി സ്കൂൾ ഉപേക്ഷിച്ചുകൊണ്ട് അദ്ദേഹം തന്റെ ദേശീയ പ്രതിബദ്ധത പ്രകടിപ്പിച്ചു. പിന്നീട് വിപ്ലവ പ്രസ്ഥാനങ്ങളുടെ ഭാഗമായി സ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിച്ചു. ലാലാ ലജ്പത് റായിയെ മർദ്ദിച്ചുകൊന്നതിൽ പ്രതിഷേധിച്ച് സാണ്ടേഴ്സൺ എന്ന ബ്രിട്ടീഷ് പോലീസ് ഓഫീസറെ വധിച്ചതിന് വിചാരണ നേരിട്ടു. ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുന്നതുവരെ തന്റെ വധു മരണമായിരിക്കുമെന്ന് പ്രഖ്യാപിച്ച ആ ധീര ദേശാഭിമാനി സ്വാതന്ത്ര്യമെന്ന ആശയപ്രചാരണത്തിന്റെ ഭാഗമായി സെൻട്രൽ അസംബ്ലിഹാളിൽ ബോംബെറിഞ്ഞു. രക്ഷപ്പെടാൻ അവസരമുണ്ടായിട്ടും പോലീസിനു പിടികൊടുത്തു. തൂക്കുകയറിനെ തെല്ലും ഭയക്കാതെ യൗവ്വനാരംഭത്തിൽ തന്നെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ നൽകി.

സുഖ്ദേവ്: 1907 മെയ് 15 ന് പഞ്ചാബിലെ ലുധിയാനയിൽ ജനിച്ച സുഖ്ദേവ് സിംഗ് ഥാപ്പർ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റു റിപ്പബ്ലിക്കൻ അസോസിയേഷൻ (എച്ച്എസ്ആർഎ) എന്ന വിപ്ലവ സംഘടനയിലൂടെ ബ്രിട്ടീഷുകാർക്കെതിരെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയത്. ലാഹോർ ഗൂഢാലോചന കേസിലൂടെ അറിയപ്പെട്ട സുഖ്ദേവ് സാണ്ടേഴ്സ് വധത്തിലും പ്രതിചേർക്കപ്പെട്ടു. 1929 ലെ ലാഹോർ ഗൂഢാലോചന കേസിലെ ഒന്നാം പ്രതിയായിരുന്ന സുഖ്ദേവ് 23-ാം വയസ്സിലാണ് തൂക്കിലേറ്റപ്പെടുന്നത്.

രാജ് ഗുരു: മഹാരാഷ്ട്രയിലെ ഖേഡിൽ 1908 ഓഗസ്റ്റ് 24 ജനിച്ച രാജ്ഗുരുവിന് ആറാം വയസ്സിൽ അച്ഛൻ നഷ്ടപ്പെട്ടു. ജ്യേഷ്ഠൻ ദിൻകറിന്റെ സംരക്ഷണയിൽ വളർന്ന അദ്ദേഹം പൂനയിലെ ന്യൂ ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിക്കുമ്പോൾത്തന്നെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിൽ സജീവമായി. സുഖ്ദേവിന്റെയും ഭഗത് സിംഗിന്റെയും സഹപ്രവർത്തകനായി. വിപ്ലവ പ്രവർത്തനങ്ങളിൽ പങ്കെടുത്ത അദ്ദേഹം ബ്രിട്ടീഷുകാർക്ക് പേടിസ്വപ്നമായി. 1928 ഡിസംബർ 17 ന് ലാഹോറിൽ വച്ച് ജെ.പി. സാണ്ടേഴ്സിനെ വധിച്ച കേസിൽ പ്രതിചേർക്കപ്പെട്ട് 1931 മാർച്ച് 23 ന് തൂക്കിലേറ്റപ്പെടുമ്പോൾ 22 വയസ്സായിരുന്നു.

1931 മാർച്ച് 24 ന് മൂവരുടെയും വധശിക്ഷ നടപ്പാക്കാനായിരുന്നു വിധിയെങ്കിലും 1931 മാർച്ച് 23 ന് വധശിക്ഷ നടപ്പിലാക്കി. മൃതദേഹങ്ങൾ ബന്ധുക്കൾക്കു വിട്ടു നൽകാതെ ലാഹോറിൽ നിന്നും 60 കി.മീ. അകലെയുള്ള ഗണ്ഡസിംഗ് വാല ഗ്രാമത്തിൽ വച്ച് അഗ്നിക്കിരയാക്കി ചാരം സത്ലജ് നദിയിൽ എറിയുകയായിരുന്നു.

യൗവ്വനാരംഭത്തിൽത്തന്നെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി ജീവൻ ബലി നൽകിയ ഭാരത മാതാവിന്റെ ഈ ധീരപുത്രന്മാരുടെ സ്മൃതി സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവ വേളയിൽ നാടിനുവേണ്ടി സമർപ്പിത ജീവിതം നയിക്കാൻ പ്രചോദനമാകുന്നതാണ്.




# അഫ്ഗാനിസ്ഥാന് 2500 മെട്രിക്ടൺ ഗോതമ്പ് നൽകി ഇന്ത്യ

**ന്യൂദൽഹി:** താലിബാൻ ഭരണത്തിൽ അഫ്ഗാനിസ്ഥാനിലെ ജനങ്ങൾ ദുരിതത്തിലായതിനു പിന്നാലെ അഫ്ഗാൻ ജനതയ്ക്ക് കൈത്താങ്ങുമായി ഇന്ത്യ. 2500 മെട്രിക്ടൺ ഗോതമ്പ് ഇന്ത്യ അഫ്ഗാനിസ്ഥാനിൽ ജലാലാബാദ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന യുഎൻ ഫുഡ് പ്രോഗ്രാമിന് കൈമാറി. 50 ട്രക്കുകളിലായാണ് ഗോതമ്പ് അഫ്ഗാനിസ്ഥാനിലേക്ക് എത്തിക്കുന്നത്. അഫ്ഗാൻ ജനതയ്ക്ക് ഇന്ത്യക്കാരുടെ സമ്മാനം എന്ന് രേഖപ്പെടുത്തിയ പോസ്റ്ററുകളോടെയാണ് ഗോതമ്പ് ലോഡുകൾ അഫ്ഗാനിലേക്ക് തിരിച്ചത്. പഞ്ചാബിലെ അഠാരിയിൽ നിന്നും ചൊവ്വാഴ്ച തിരിച്ച ഗോതമ്പ് ലോഡുകൾ പാകിസ്താനിലൂടെ ടോർഖാം അതിർത്തിവഴി അഫ്ഗാനിൽ പ്രവേശിക്കും.

2021 ഓഗസ്റ്റിലാണ് അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണം പിടിച്ചെടുക്കുന്നത്. കാടൻ നിയമങ്ങളടക്കം ഏർപ്പെടുത്തി ജനജീവതം ആകെ ദുസഹമാണ് അഫ്ഗാനിൽ. ഇതേത്തുടർന്നാണ് യുഎൻ വഴി ഇന്ത്യ ഇപ്പോൾ ഭക്ഷ്യ സാധങ്ങൾ നൽകുന്നത്. 50000 മെട്രിക്ടൺ ഭക്ഷ്യ സാധങ്ങൾ കൈമാറുമെന്നാണ് ഇന്ത്യയും യുഎൻ ഫുഡ്പ്രോഗ്രാമും തമ്മിലുള്ള കരാർ. ഭക്ഷ്യ സാധനങ്ങൾക്ക് പുറമെ മരുന്നുകൾ ഉൾപ്പെടെ നേരത്തെ ഇന്ത്യ അഫ്ഗാനിസ്ഥാനുവേണ്ടി നീക്കിവച്ചിരുന്നു. കൊവാക്സിന്റെ 500,000 ഡോസും 13 ടൺ അവശ്യ ജീവൻരക്ഷാ മരുന്നുകളും 500 യൂണിറ്റ് ശൈത്യകാല വസ്ത്രങ്ങളും നേരത്തെ വിതരണം ചെയ്തിരുന്നു.

## ഇസ്ലാം നിയമം ലംഘിച്ചു; സഹോദരൻ സഹോദരിയെ വെടിവച്ച് കൊന്നു

**ബാഗ്ദാദ്:** ഇറാഖിലെ പ്രശസ്ത ടിക്ടോക്ക്താരവും പൊതുപ്രവർത്തകയുമായ ഇമാൻ സമി മഗ്ദി ദിനെ സഹോദരൻ വെടിവച്ചുകൊന്നത് ദുരഭിമാനത്തിന്റെ പേരിൽ. ക്രോപ്പ്ടോപ്പുകൾ ധരിച്ച് എടുത്ത ചിത്രങ്ങൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പോസ്റ്റ്ചെയ്തതിനാണ് മഗ്ദി ദിനെ കൊലപ്പെടുത്തിയതെന്നാണ് സൂചന. കഴിഞ്ഞ ആഴ്ചയാണ് എർബിൽ നഗരത്തിലെ ഒരു റോഡിൽ വച്ച് സഹോദരിക്ക്നേരെ 17 വയസ്സുള്ള സഹോദരൻ വെടിയുതിർത്തത്. 47,000 ടിക്ടോക്ക്അനുയായികൾക്ക്മുന്നിൽ മാരി അല്ലെങ്കി ൽ മരിയ എന്ന്അറിയപ്പെടുന്ന ഇമാൻ മഗ്ദി സോഷ്യ ൽ മീഡിയയിൽ വ്യ ത്യസ്ത ഫോട്ടോകളും വീ ഡിയോകളും പോസ്റ്റ്ചെ യ്യുന്നതിൽ പ്രശസ്തി നേടിയിരുന്നു.

# മൻ കീ ബാത്



മൻകി ബാതിന്റെ അമ്പത്തേഴാമത് പതിപ്പിലാണ് സ്ത്രീശക്തിയുടെ നേട്ടങ്ങൾ രാജ്യം ആവർത്തിച്ച് പറയണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തത്. ഓരോ സ്ത്രീയും ഭാരതത്തിന്റെ ലക്ഷ്മിയാണെന്നും അത്തരത്തിൽ അവരെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതിനിടയിലാണ് രാജ്യം മേജർ ഖുശ്ബു കൻവറിനെ അറിഞ്ഞത്.

# ഭാരത് കി ലക്ഷ്മി

**എ**ഴുപതാമത് റിപ്പബ്ലിക് ദിന പരേഡിൽ ആസാം റൈഫിൾസിനെ നയിക്കാൻ നിയോഗിക്കപ്പെട്ട രാജസ്ഥാൻകാരിയുടെ ജീവിതകഥ പ്രേരണാദായകമാണ്. ബസ് കണ്ടക്ടറായ ലക്ഷ്മൺ ഷെഖാവത്തിന്റെ മകൾ മ്യാൻമർ അതിർത്തിയിൽ തോക്കുമേന്തി രാജ്യത്തിന് കാവൽ നിൽക്കുന്നതിന്റെ അഭിമാനകരമായ കഥ.



മേജർ ഖുശ്ബു കൻവർ പരേഡ് നയിക്കുന്നു

'കുട്ടിക്കാലത്ത് അവൾക്ക് ഞാൻ സ്വപ്നങ്ങളിൽ അമ്പിളി അമ്മാവനെ നല്കി. എനിക്ക് വയസ്സായപ്പോൾ അവൾ എനിക്ക് ആ ചന്ദാമാമയെ മടക്കിത്തരുന്നു....' ആ റിപ്പബ്ലിക് ദിന പരേഡിൽ മകളാണ് സേനയെ നയിക്കുന്നതെന്ന് അറിഞ്ഞപ്പോൾ ലക്ഷ്മൺ ഷെഖാവത്ത് അഭിമാനം കൊണ്ട് വിതുമ്പിയിട്ടുണ്ട്. ദുരിതജീവിതം പങ്കുവെച്ചാണ് ഖുശ്ബുവിനെ വളർത്തിയത്. തനിക്ക് കഴിയുമെങ്കിൽ രാജ്യത്തെ ഏതൊരു പെൺകുട്ടിക്കും മുന്നേറാൻ കഴിയുമെന്ന ആത്മവിശ്വാസമാണ് ഖുശ്ബു അന്ന് നാടിന് കൈമാറിയത്. സോഷ്യൽമീഡിയ ആക്ടിവിസ്റ്റായ ഗീതികാസ്വാമി ഭാരത് കി ലക്ഷ്മി ആയി പ്രധാനമന്ത്രിക്ക് മുന്നിൽ അവതരിപ്പിച്ചത് ഖുശ്ബുവിന്റെ ജീവിതമായിരുന്നു.

വാറങ്കലിൽ നിന്നുള്ള കെ രമേഷ് പങ്കുവെച്ചത് സ്വന്തം അമ്മയുടെ ജീവിതമാണ്. കവിതാ തിവാരിക്ക് മനോഹരമായ ചിത്രങ്ങൾ വരയ്ക്കുന്ന മകളാണ് ഭാരത് കി ലക്ഷ്മി ആയത്.

ഗ്വാളിയോർ റെയിൽവേ സ്റ്റേഷനിൽ വർഷങ്ങളായി യാത്രക്കാർക്ക് സൗജന്യമായി കുടിവെള്ളം നൽകുന്ന 92 വയസ്സുള്ള അമ്മയെക്കുറിച്ച് മോദി പറഞ്ഞു. ഭാരതത്തിന്റെ ലക്ഷ്മിമാരെ അദ്ദേഹം ഹൃദയം കൊണ്ട് നമസ്കരിച്ചു. കന്നട കവയിത്രി സാഞ്ചി ഹോന്നമ്മയുടെ കവിത ഉദ്ധരിച്ചാണ് അദ്ദേഹം അത് അവസാനിപ്പിച്ചത്.

'മകൾ പാർവതി കാരണം ഹിമവാൻ പ്രശസ്തനായി, മകൾ ലക്ഷ്മി കാരണം ഭൃഗുഋഷി പ്രശസ്തനായി. മകൾ സീത കാരണം രാജാ ജനകൻ പ്രശസ്തി നേടി.'





# കശ്മീരിലേക്ക് തീവണ്ടിയുടെ ചൂളംവിളികൾ ഉയരും

**ശ്രീനഗർ:** ലോകത്തെ അമ്പരിപ്പിക്കുന്ന നിർമ്മാണ വൈദഗ്ധ്യം പ്രദർശിപ്പിച്ച് ഇന്ത്യൻ സൈന്യവും റെയിൽവേയും കശ്മീരിൽ വീണ്ടും ചരിത്രം രചിക്കുന്നു. നിർമ്മാണം അവസാനഘട്ടത്തിലെത്തിനിൽക്കുന്ന ടി-49 ടണലുകളിലൂടെ കാശ്മീർ താഴ് വരയിലേക്ക് 2023ൽ റെയിനുകൾ ചൂളം വിളിച്ചെത്തുമെന്നാണ് റെയിൽവേ ഉറപ്പുനൽകുന്നത്. അതിദുർഘടമായ ഹിമാലയൻ മേഖലയിലെ ഉധംപൂർ-ശ്രീനഗർ- ബാരാമുള്ള മലനിരകളിലാണ് തുരങ്ക നിർമ്മാണം നടക്കുന്നത്. ഇതിനൊപ്പം താഴ് വരകളിലും 90 ശതമാനവും പണികൾ പാലങ്ങളായും റോഡുകളായും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. റെയിൽപാതകളുടേയും സ്റ്റേഷനുകളുടേയും നിർമ്മാണമാണ് ഘട്ടംഘട്ടമായി പൂർത്തിയാകുന്നത്. ജമ്മുകശ്മീർ റെയിൽപാതകൾ എന്നും ഗതാഗതത്തിനെ വെല്ലുവിളിയാണ്. അവിടെയാണ് ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽവേ ലിങ്ക് (യുഎസ്ബി ആർഎൽ) റെയിൽവേ ലൈൻ യാഥാർത്ഥ്യമാകുന്നത്. ഈ പാതയിലാണ് പീർപാഞ്ചാൽ തുരങ്കം നിർമ്മിച്ച് റെയിൽവേ മുന്നേ അത്ഭുതം സൃഷ്ടിച്ചത്. ഈനിർമ്മിതിയെ കവച്ചുവയ്ക്കുന്ന മറ്റൊരു തുരങ്കമാണ് നിർമ്മാണത്തിലുള്ളത്. പീർപാഞ്ചാൽ തുരങ്കം 11.2 കി ലോമീറ്റർ ദൂരം താണ്ടുമ്പോൾ ബാനിഹാൾ-ഖാസിഗുണ്ട് സെക്ടറിലെ തുരങ്കം താണ്ടുന്നത് 12.758 ദൂരമാണ്. സുംബർ-അർപിഞ്ചാല റെയിൽവേ സ്റ്റേഷനുകൾക്കിടയിലാണ്പുതിയ തുരങ്കപാത നിർമ്മാണം പൂർത്തിയാകുന്നത്. ഉധംപൂർ-ബാരാമുള്ള പദ്ധതി 272 കി ലോമീറ്റർ നീളമുള്ളതാണ്. ഈറെയിൽ ഗതാഗത പദ്ധതിയുമായി ബന്ധപ്പെടുത്തി പണി തീർന്നുകൊണ്ടിരിക്കുന്ന റോഡുകൾ 73 ഗ്രാമങ്ങളിലെ 1,47,000 ജനങ്ങളെ ബന്ധിപ്പിക്കുന്നു. ഇതിൽ 29 ഗ്രാമങ്ങളെ ബന്ധപ്പെടുത്തിയുള്ള 161 കിലോമീറ്റർ റോഡ്നിലവിൽ നിർമ്മാണം പൂർത്തിയായി ജനങ്ങൾക്ക് വിട്ടുനൽകി. സമുദ്രനിരപ്പിൽ നിന്നും 5000 മീറ്റർ ഉയരത്തിലൂടെ പോകുന്ന ടിബറ്റിലെ കിംഗ്സാംഗ് തീവണ്ടി പാതയാണ് ഹിമാലയത്തിലെ അത്ഭുതം. ഏതാണ്ട് അതിന്റെ പകുതി ഉയരത്തിലാണ് കശ്മീ രിലെ യുഎസ്ബി ആർഎൽ തീവണ്ടിപാത. കശ്മീർ താഴ്വരയിൽ 1315 മീറ്റർ നീളത്തിൽ ഒരു പാലം മറ്റൊരു സാഹസിക നിർമ്മിതിയാണ്.

ചീനാബ്നദിയിൽ നിന്ന് 359 മീറ്റർ ഉയരത്തിലൂടെയാണ് പാലം കടന്നുപോകുന്നത്. മറ്റൊരു പാലം ആഞ്ചിഘാട് നദിക്ക് കുറുകെയാണ്. 186 മീറ്റർ ഉയരത്തിലാണ് പാലം കടന്നുപോകുന്നത്. പൂർണ്ണമായും ഉരുക്കു കൊണ്ട്നിർമ്മിച്ചിരിക്കുന്ന പാലം പെയിന്റ് പോലും അടിക്കേണ്ട എന്ന സൗകര്യവുമുണ്ട്. പദ്ധതിയിൽ പെട്ട കത്ര-ബാനിഹാൾ മേഖലയിൽ 11 കി ലോമീറ്റർ ദൂരത്തിലെ റെയിൽ പാതയ്ക്കായുള്ള 37 പാലങ്ങളിൽ 20 എണ്ണവും പൂർത്തിയായി. ഇതേ മേഖലയിൽ 35 ചെറു തുരങ്കങ്ങളാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിൽ 27 എണ്ണം തീവണ്ടിയാത്രയ്ക്കുള്ളതും 8 എണ്ണം അടിയന്തിര സാഹചര്യത്തിലെ രക്ഷാപ്രവർത്തനങ്ങൾക്കുമാണ്. ടി-49 തുരങ്കത്തിന്റെ വടക്ക്ഭാഗത്തെകവാടം തുറക്കുന്നത് സമുദ്രനിരപ്പിൽ നിന്നും 1600 മീറ്റർ ഉയരത്തിലെ മാഹു-മാൻഗാട്ട്താഴ് വാരത്തിലേക്കും തെക്കുഭാഗത്തെകവാടം 1400 മീറ്റർ ഉയരത്തിൽ സുമ്പേർ ഗ്രാമത്തിലേക്കുമാണ്. റാമ്പാൻ ജില്ലാ കേന്ദ്രത്തിൽ നിന്നും 45 കി ലോമീറ്റർ ദൂരത്തുകൂടെയാണ് റെയിൽ പാത കടന്നുപോകുന്നത്.

# വസ്ത്രധാരണത്തിന്റെ സാമൂഹികമാനം

പ്രകൃതിയിലെ പ്രതിഭാസങ്ങളിൽനിന്നുള്ള സംരക്ഷണമായിരുന്നു വസ്ത്രധാരണത്തിന്റെ ആദ്യകാല ലക്ഷ്യം. മഞ്ഞും മഴയും പൊടിയും വെയിലും കാറ്റുമൊക്കെ പരിക്കേൽപ്പിക്കാതിരിക്കാൻ വസ്ത്രമെന്ന ആവരണം പ്രാചീന മനുഷ്യർക്ക് സഹായകമായി. പിന്നീട് എത്രയെത്രയോ വലിയ മാറ്റങ്ങളുടെ കുത്തൊഴുക്കിലൂടെ കടന്നുവന്ന്, ദേശവും കാലാവസ്ഥയും ഭൂപ്രകൃതിയും ലിംഗവും പ്രായവും മതവും രാഷ്ട്രീയവും വ്യക്തിതാൽപ്പര്യങ്ങളുമെല്ലാം പ്രതിഫലിപ്പിക്കാനുള്ള ഉപാധികളിൽ ഏറ്റവും പ്രാധാന്യം നേടിയ ഒന്നായിത്തീർന്നു വസ്ത്രം. കാലാകാലങ്ങളായി വസ്ത്രധാരണം, പ്രത്യേകിച്ച് സ്ത്രീകളുടെ വസ്ത്രധാരണം ചർച്ചകൾക്കും വിവാദങ്ങൾക്കും വിഷയമായിത്തീരാറുണ്ട്. മിക്കപ്പോഴും സ്വന്തമിഷ്ടപ്രകാരം ധരിക്കുന്നതാണെന്നു സ്ത്രീകൾ ന്യായീകരിക്കുമ്പോഴും യാഥാർത്ഥ്യമതായിരുന്നില്ല. സമൂഹത്തിന്റെ താൽപ്പര്യങ്ങളും മത/രാഷ്ട്രീയ നേതൃത്വങ്ങളുടെ അടിച്ചേൽപ്പിക്കലുകളും കുടുംബത്തിലെ പുരുഷന്മാരുടെ നിർദ്ദേശങ്ങളുമൊക്കെയാണ് ഏറിയപങ്കും സ്ത്രീകളുടെ വസ്ത്രധാരണത്തെ നിർണയിച്ചിട്ടുള്ളത്. പൊതുവിൽ, വസ്ത്രധാരണത്തിന്റെ കാര്യത്തിൽ, മറ്റ് മേഖലകളിലെല്ലാമെന്നതുപോലെ പരമ്പരാഗത രീതികളിൽ നിന്ന് പുതിയ ശൈലികളിലേയ്ക്കും നൂതന പരീക്ഷണങ്ങളിലേക്കുമാണ് മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇതിനു വിപരീതമായി പ്രാകൃത നിലപാടുകളിലേയ്ക്കു ചുവടുമാറുന്ന വസ്ത്രധാരണശൈലി, ഇന്ന് മുസ്ലിം വനിതകൾക്കിടയിൽ കാണാനിടയാകുന്നു. ഒരു കാലത്ത്, തലയിൽ തട്ടമിടുന്നതിനപ്പുറം നാട്ടിൻപുറങ്ങളിലെ യാഥാസ്ഥിതിക കുടുംബങ്ങളിൽപ്പോലും സ്ത്രീകളുടെ വേഷധാരണം മതത്തിന്റെ സ്വാധീനം പ്രകടമാക്കുന്നതായിരുന്നില്ല. പക്ഷേ കാലം മുന്നോട്ടു പോയപ്പോൾ, ലോകമാസകലം 'പൊളിറ്റിക്കൽ ഇസ്ലാം' മേൽക്കൈ നേടുന്നതിന്റെയും ഇസ്ലാമിക വിശ്വാസത്തിന്റെയും ഭാഗമായി അംഗീകരിക്കപ്പെടുകയും ചെയ്തു. കണ്ണും മൂക്കും മാത്രം പുറത്തുകാട്ടിയും, കണ്ണുകൾ മാത്രം കഷ്ടിച്ചു കാണുന്ന തരത്തിലുമൊക്കെ ഹിജാസ് സ്ത്രീശരീരത്തെ 'തമസ്കരിക്കു'ന്നതിന്റെ ശാസ്ത്രീയതയെന്താണ്? ഹിജാബ് ധരിക്കുമ്പോൾ തങ്ങൾക്ക് വലിയ സുരക്ഷിതത്വം അനുഭവപ്പെടുന്നുവെന്നും ആരും അടിച്ചേൽപ്പിക്കുന്നതല്ല, സ്വന്തം അവകാശമെന്ന നിലയ്ക്കാണ് ഹിജാബ് ധരിക്കുന്നതെന്നും ചില സ്ത്രീകൾ ആവർത്തിച്ചു പ്രഖ്യാപിക്കുമ്പോഴും ഒരു ചോദ്യം ബാക്കിയാണ്. സ്ത്രീക്ക് സുരക്ഷിതത്വം തോന്നണമെങ്കിൽ അവളുടെ ശരീരമാസകലം മൂടിവയ്ക്കേണ്ടതുണ്ടോ? മാന്യമായ വേഷം അവൾക്ക് അരക്ഷിതത്വമാണുളളവാക്കുന്നതെങ്കിൽ അതല്ലേ അഭിമാനം?

ഈയടുത്ത ദിവസങ്ങളിൽ കർണാടകത്തിലെ ഒരു സ്കൂളിൽ ഹിജാബ് നിരോധിച്ചതിനെത്തുടർന്നുണ്ടായ വിവാദങ്ങൾ ഇപ്പോഴും അവസാനിച്ചിട്ടില്ല. വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിന്റെ വിശാലാകാശത്തിലേയ്ക്കുള്ള വാതിലാണ് തുറക്കുന്നതെങ്കിൽ, മതനിബന്ധനകളുടെ ശരീരം മൂടുന്ന ആവരണമായിത്തീരേണ്ടതുണ്ടോ വസ്ത്രധാരണം? സിക്കുകാർ തലപ്പാവും കന്യാസ്ത്രീകളായ വിദ്യാർത്ഥിനികൾ അവരുടെ മതനിർദ്ദിഷ്ട വേഷവും ധരിക്കാമെങ്കിൽ എന്തുകൊണ്ട് ഹിജാബ് പാടില്ല എന്ന ചോദ്യത്തിനുത്തരം പറയണമെങ്കിൽ, ഹിജാബുയർത്തുന്ന സാമൂഹിക വെല്ലുവിളികളെക്കുറിച്ചുകൂടി പ്രതിപാദിക്കേണ്ടി വരും.

കറുപ്പു കൂടാരത്തിനുള്ളിലെ ആളെ തിരിച്ചറിയുകയില്ല എന്ന വസ്തുത, തീവ്രവാദ ആക്രമണങ്ങൾ തഴച്ചുവളരുന്ന കാലത്ത് അതീവ ഗൗരവമേറിയതാണ്. നിരവധി രാജ്യങ്ങൾ, മുസ്ലിം രാഷ്ട്രങ്ങളുൾപ്പെടെ, സുരക്ഷിതത്വ കാരണങ്ങൾ ഹിജാബും മുഖം മറയ്ക്കുന്ന വേഷവിധാനവും നിരോധിച്ചിരിക്കുന്നു. മാത്രമല്ല, സ്കൂകളുകൾക്കും കോളജുകൾക്കും വിദ്യാർത്ഥി യൂണിഫോം ധരിച്ചുവരണമെന്ന് പറയാനുള്ള കാരണം സംയുക്തികമാണ്, കേവലം മതനിബന്ധനകളുടെ പേരിൽ തള്ളിക്കളയാവുന്നതല്ല അത്. ചൂടും പൊടിയും വിയർപ്പും നിറഞ്ഞ ഒരു ഉഷ്ണമേഖലാ പ്രദേശത്ത് അഭികാമ്യമാണോ ആപാദചൂഡം മറയും. ഹിജാബെന്നതും മറ്റൊരു ചിന്താവിഷയമാണ്.

മൂടിപ്പൊതിഞ്ഞല്ല, തുറന്നുകാട്ടിയുമല്ല വേഷം മനുഷ്യരെ പ്രകാശിപ്പിക്കേണ്ടത്. മാന്യമായത്, നാം ചേർന്നുനിൽക്കുന്ന, ഭാഗമായിരിക്കുന്ന സ്ഥാപനത്തിന്റെ, സമൂഹത്തിന്റെ വ്യവസ്ഥകൾക്കനുയോജ്യമായ ഒക്കെയായിരിക്കട്ടെ നമ്മുടെ വസ്ത്രധാരണം. വേഷത്തിന്റെ വരുതിയ്ക്കപ്പുറം ഭദ്രമായിരിക്കട്ടെ സ്ത്രീസുരക്ഷയെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പം.

**ഡോ. പ്രമീളാ ദേവി. ജെ**



# അട്ടപ്പാടിയിൽ പൂത്തുലഞ്ഞ് ആറ്റുവഞ്ചികൾ

അട്ടപ്പാടിയുടെ പുഴയോര ഭാഗങ്ങളിൽ ആറ്റുവഞ്ചികൾ പൂത്തുലഞ്ഞു. പുഴയുടെ തീരങ്ങൾ വർണാഭമാക്കുന്ന ആറ്റുവഞ്ചികൾ ഒരുകാലത്ത് അട്ടപ്പാടിയിലെ ഭവാനിയും ശിരുവാണിയും തീരങ്ങളിൽ സജീവമായിരുന്നു.

എന്നാൽ ഇപ്പോൾ ആദ്യ വഞ്ചികൾ അപ്രത്യക്ഷമാവുകയാണെന്നും വംശനാശ ഭീഷണി നേരിടുകയാണെന്നും വിദഗ്ധർ പറയുന്നു. ഇപ്പോൾ ആറ്റുവഞ്ചികൾ ശിശുവാണിയിലെ ഒറ്റപ്പെട്ട തുരുത്തുകളിൽ മാത്രമാണ് അവശേഷിക്കുന്നത്. മിക്കയിടങ്ങളിലും അനധികൃത കയ്യേറ്റങ്ങൾ വ്യാപകമായതിനെത്തുടർന്നാണ് പക്ഷികളുടെയും ജീവികളുടെ ആവാസകേന്ദ്രമായ നിരവധി ചെടികളും മരങ്ങളും പുഴയുടെ തീരത്ത്നിന്നും അപ്രത്യക്ഷമായതെന്ന് നാട്ടുകാർ പറയുന്നു.

# സൈനികർക്കെതിരെ ഒവൈസി

**ഹൈദരാബാദ്:** സൈനിക മേഖലയിലേക്ക് ജനവാസ മേഖല വ്യാപിപ്പിക്കാനുള്ള തന്ത്രവുമായി ഒവൈസിയുടെ നീക്കം. നിസാം കോളനി മേഖലയിലേക്കുള്ള ജല ലഭ്യത സൈനികർ ഇല്ലാതാക്കിയെന്ന വ്യാജ ആരോപണവുമായിട്ടാണ് ഒവൈസി പ്രത്യേക മതവി ഭാഗങ്ങൾ താമസിക്കുന്ന മേഖലയ്ക്കായി പ്രക്ഷോഭത്തിന് ഒരുങ്ങുന്നത്. ചന്ദ്രശേഖര റാവു സർക്കാർ സൈനികരെ അപമാനിക്കുകയാണെന്നും അവരുടെ കുടിവെള്ളം പോലും തടയാൻ ശ്രമിച്ചെന്നും ആരോപിച്ച് ബിജെപിയും രംഗത്തെത്തി. സൈനിക മേഖലയിലൂടെ കടന്നുപോകുന്ന നദിയിൽ ചെക്ഡാം തുറന്ന് ജനങ്ങൾക്കുള്ള കുടിവെള്ളം തടഞ്ഞുവെന്ന പരാതിയാണ് അസാസുദ്ദീൻ ഒവൈസി ഉയർത്തുന്നത്.

പ്രദേശത്തെജനങ്ങളെ അണിനിരത്തി സമരം ആരംഭിച്ച ഒവൈസി പ്രതിരോധ മന്ത്രിക്ക് കത്തെഴുതിയിട്ടുമുണ്ട്. 'ബൽക്കാപൂർ കനാൽ വഴി ഷേക്പേട്, ജ്യൂബി ലീ ഹിൽസ്, ബഞ്ജാര ഹിൽസ് എന്നിവിടങ്ങളിൽ നിന്നുള്ള ശക്തമായ മഴവെള്ളം മെഹദിപത്തനം, ഗാരിസൺ എന്നീ മേഖലയിലേക്കുഴിതിരിച്ചുവി ടുകയാണ്. ഇതു വഴി അൽഹസൻ കോളനി വെള്ളക്കെട്ടിൽ നിറയും. ഒപ്പം മുൻസിപ്പൽ കോർപ്പറേഷൻ പണിതിരിക്കുന്ന അഴുക്കുചാൽ അൽ ഹസ്നാത് കോളനിയിലൂടെയാണ് കടന്നു പോകുന്നത്.

ഇത് വലിയ ദുരിതമാണ് ഉണ്ടാക്കുന്നത്. അതിനാൽ സൈനിക മേഖലയിലൂടെ അഴുക്കുചാൽ തിരിച്ചുവിടാനുള്ള സംവിധാനം ഒരുക്കണം.' ഒവൈസി പ്രതിഷേധത്തിന്റെ ഭാഗമായി രാജ്നാഥ്സിംഗിന് കത്തെഴുതി. എന്നാൽ ഹൈദരാബാദിലെ ഏറ്റവും സുപ്രധാനമായ സൈനിക സംവിധാനങ്ങളുടെ മേഖലകളെ അപമാനിക്കാനും അവിടെ നിന്ന് മാറ്റാനുമാണ് ശ്രമമെന്ന് കേന്ദ്രമന്ത്രി കിഷൻ റെഡ്ഡി ആരോപണം ഉന്നയിച്ചിരിക്കുകയാണ്. കോളനികൾ ശക്തമായ നിയമവിരുദ്ധ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ചന്ദ്രശേഖരറാവു സർക്കാർ ഇന്നുവരെ ഇത്തരം കോളനികളിൽ നിന്ന് വൈദ്യുതി ബില്ലോ മറ്റ് നികുതികളോ പോലും പിരിക്കാൻ സാധിച്ചിട്ടില്ല.

ഭാരതീയ കാലഗണന പ്രകാരം യുഗാബ്ദമായ കലിവർഷവും  ഔദ്യോഗിക ദേശീയ വർഷമായ ശകവർഷവും ആരംഭിക്കുന്ന ദിനമാണ്  വർഷപ്രദിപത അഥവാ യുഗാദി. പ്രദിപത എന്ന വാക്കിന് ആദ്യത്തെ ദിവസം എന്നർത്ഥം. ശകന്മാരെ തോൽപിച്ച് വിക്രമാദിത്യനും ഹൂണൻമാരെ പരാജയപ്പെടുത്തി ശാലിവാഹനനും സ്വരാജ്യം സ്ഥാപിച്ചതിന്റെ  പ്രതീകമായി വിക്രമ സംവത്സരവും ശക സംവത്സരവും അക്കാലം മുതൽ ഭാരതീയ കാലഗണന സമ്പ്രദായമായി തുടർന്നു പോരുന്നതായി സവർക്കർ ഭാരതചരിത്രത്തിലെ ആറ് സുവർണ അദ്ധ്യായങ്ങൾ എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിവിധ പേരുകളിൽ യുഗാദി ആഘോഷിച്ചു പോരുന്നു. ദേശീയ ഉത്സവം എന്ന നിലയിൽ യുഗാദിക്ക് സാംസ്കാരികവും ദേശീയവും ചരിത്രപരവുമായ പ്രാധാന്യങ്ങൾ ഏറെയാണ്. ഈ പ്രാധാന്യം മൂലമാണ് രാഷ്ട്രീയ സ്വയംസേവക സംഘം  അതിന്റെ ശാഖകളിൽ വർഷ പ്രദിപത ഉത്സവമായി ആഘോഷിക്കുന്നത്. നമ്മുടെ നാടിന്റെ സ്വത്വവും സ്വാതന്ത്ര്യവും വീണ്ടെടുക്കാനുള്ള പ്രയത്നങ്ങളിൽ പ്രാധാന്യമേറിയ ഒന്നാണ് തനിമയിൽ വേരൂന്നുക  എന്നത്. ഭാരതീയ പാരമ്പര്യത്തെ അടിസ്ഥാനമാക്കിയുള്ള  കാലഗണനയും സമ്പ്രദായങ്ങളും സ്വീകരിക്കുന്നതിലൂടെ  ആചാരാനുഷ്ഠാനങ്ങളെയെല്ലാം തന്നെ നമ്മുടെ സാംസ്കാരികമായ തനിമയിൽ ഉറപ്പിച്ച് നിർത്തി മുന്നോട്ടുപോകാൻ ജനത എന്ന നിലയിൽ നമ്മെ പ്രാപ്തരാക്കുന്നു. ചരിത്രപരമായ പ്രാധാന്യം നോക്കിയാൽ പാശ്ചാത്യമായ അധിനിവേശങ്ങളെയും ആക്രമണങ്ങളെയും ചെറുത്ത് തോൽപിക്കുക മാത്രമല്ല അവയെ നമ്മുടെ സാംസ്കാരികധാരയിൽ അലിയിച്ചു ചേർത്തതിന്റെ സന്ദേശം പകർന്ന്നൽകുന്ന പ്രതീകം കൂടിയാണ് വർഷപ്രദിപത.

രാഷ്ട്രീയ സ്വയംസേവക സംഘത്തെ സംബന്ധിച്ചടുത്തോളം ഈ ദിനത്തിന് സംഘസ്ഥാപകനായ ഡോക്ടർ കേശവ ബലിറാം ഹെഡ്ഗേവാറിന്റെ ജന്മദിനം എന്ന സവിശേഷതകൂടിയുണ്ട്.  വിശ്വത്തിന് മാർഗദീപമാവുക എന്ന ഭാരതത്തിന്റെ നിയോഗം സാക്ഷാത്കരിക്കാനുതകുന്ന വിധത്തിൽ ഈ നാടിന്റെ ദേശീയ ജനതയെ സംഘടിത ശക്തിയാക്കി മാറ്റാനുദ്യമിക്കുകയും അതിനനുയോജ്യമായതും  ഉത്കൃഷ്ടമായതുമായ ഒരു കാര്യ പദ്ധതി രൂപീകരിക്കുകയും ചെയ്ത യഥാർത്ഥ യുഗപ്രഭാവനായിരുന്നു ഡോക്ടർ ഹെഡ്ഗേവാർ.



നാടിന്റെ ഭാവിയെ നിർമ്മിക്കേണ്ട തലമുറയെ വാർത്തെടുക്കേണ്ട വിദ്യാഭ്യാസപദ്ധതി  പടിഞ്ഞാറേക്ക് മാത്രം നോക്കി ഭാവിയെ കരുപ്പിടിപ്പിക്കുന്ന സ്വാർത്ഥബോധത്തിന്റെ കൂത്തരങ്ങായി മാറിപ്പോയ ഒരു സാഹചര്യത്തിൽ എന്നോ കൈമോശം വന്ന സാർവത്രികവും സാർവജനീകവുമായ ദേശീയ വിദ്യാഭ്യാസത്തിന്റെ സരളമാതൃക അനൗപചാരികമായ രീതിയിൽ പുന:സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തെ യുഗ പ്രഭാവനാക്കുന്നത്. സ്വാതന്ത്ര്യം എന്നത് കേവലമായ രാഷ്ട്രീയാധികാരത്തിന്റെ കൈവശാവകാശമോ കൈമാറ്റമോ ഉടമ്പടിയോ അല്ലായെന്നും  ഭാരതം അതിന്റെ സ്വത്വത്തിലും മൂല്യങ്ങളിലും ഊന്നി നിന്ന് കൊണ്ട് കെട്ടിയുയർത്തുന്ന ജീവിതവ്യവസ്ഥയുടെ സ്വാഭാവികവും ശാശ്വതവുമായ വികാസമാണ് അത്' എന്നും അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. പാരസ്പര്യത്തിന്റെയും ദോഹനത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഘടകങ്ങൾ' ജനതാ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും വികാസം പ്രാപിച്ചുണ്ടാകേണ്ട  സമഗ്രവും ഏകാത്മവുമായ സാമൂഹ്യ ജീവിതസാഫല്യത്തിന് അദ്ദേഹം പരമവൈഭവം എന്ന പേര് നൽകി. പരമവൈഭവം സാധ്യമാക്കേണ്ടത് സമ്പൂർണ സമാജവും ഒന്നു ചേർന്നാണെന്ന പൂർണ ബോധ്യമുള്ളത് കൊണ്ട് താൻ രൂപീകരിച്ച സംഘം സമ്പൂർണസമാജത്തിന്റെയും സംഘടനയാണ് എന്ന് അദ്ദേഹം വിശ്വസിച്ചു.രാഷ്ട്രീയ സ്വയംസേവക സംഘവും സമ്പൂർണ സമാജവും സമവ്യാപ്തമായി മാറണം എന്നതായിരുന്നു അദ്ദേഹം മുന്നോട്ടു വച്ചു ആദർശം. പരമവൈഭവ പ്രാപ്തിയുടെ മുന്നുപാധിയാകുന്നത് സമാജത്തിന്റെ സംഘടികാവസ്ഥയും ധാർമ്മിക  ജീവിതവുമാണ്. അതിനുമാതൃക കാട്ടുന്ന സംഘടിതമായകാര്യശക്തിയെ നിർമ്മിക്കുവാൻ ശാഖയെ

ന്ന അനുപമമായ കാര്യ പദ്ധതിക്ക് അദ്ദേഹം രൂപം നൽകി. ശാഖയിലൂടെ ഹിന്ദു രാഷ്ട്രത്തിന്റെ യഥാർത്ഥ ജീവൽ മാതൃകകളായ വ്യക്തികളെ നിർമ്മിച്ചെടുത്തു. അത്തരം വ്യക്തികൾ സമാജ ജീവിതത്തിന്റെ സമസ്ത മേഖലയിലും കടന്നു ചെല്ലുകയും നിശബ്ദവും സമഗ്രവും ശാശ്വതവുമായ സമാജപരിവർത്തനത്തിന് സ്വയം ഉപകരണമായിത്തീരുകയും ചെയ്യുന്നത് ഇന്ന് എല്ലായിടത്തും നാം കാണുന്നു.

ഇത്തരത്തിൽ നിശബ്ദവും സമഗ്രവുമായി നടന്നു കൊണ്ടിരിക്കുന്ന സമാജപരിവർത്തനത്തിന്റെ സ്വഭാവവും ഗതിയും കാണുമ്പോഴാണ് സംഘ സ്ഥാപകന്റെ സങ്കൽപത്തിന്റെ ശക്തി നമുക്ക് ബോധ്യമാവുന്നത്. ഡോക്ടർ ഹെഡ്ഗേവാറിന്റെ കാഴ്ചപ്പാടുകളും ചിന്തകളും ഏത് സങ്കൽപത്തിൽ ചരിച്ചുവോ അതേ ദിശയിൽ മുന്നോട്ടു നീണ്ടുവാൻ സമാജത്തിന് പ്രേരണ നൽകുന്നവയാണ് ഇത്തരത്തിലുള്ള എല്ലാ ദേശീയ ഉത്സവങ്ങളും.യുഗാദി ആ ശ്രേണിയിലെ ശ്രേഷ്ഠമായ ഒന്നത്രേ.

# യുദ്ധം മടുത്തു എനിക്ക് നാട്ടിലേക്ക് വരണം യുക്രൈൻ സൈന്യത്തിൽ ചേർന്ന ഇന്ത്യൻ വിദ്യാർത്ഥി



**ചെന്നൈ:** ഇന്ത്യയിലേക്ക് മടങ്ങണമെന്ന ആവശ്യവുമായി യുക്രൈൻ സൈന്യത്തിൽ ചേർന്ന ഇന്ത്യൻ വിദ്യാർത്ഥി. റഷ്യക്കെതിരായ യുദ്ധമുഖത്ത് യുക്രൈൻ സേനയ്ക്കൊപ്പം ചേർന്നതായി വിവരം കിട്ടിയ തമിഴ്നാട് കോയമ്പത്തൂർ ഗൗണ്ടം പാളയം സ്വദേശി സായിനികേഷാണ് വീടുമായി ബന്ധപ്പെട്ട് നാട്ടിലേക്ക് തിരിച്ചുവരണമെന്ന് അറിയിച്ചത്. ഖാർകിവ് എയറോനോട്ടിക്കൽ സർവകലാശാലയിൽ വിദ്യാർത്ഥി ആയിരുന്ന സായ്നികേഷ് വിദേശ പൗരൻമാർ ഉൾപ്പെടുന്ന ഇന്റർനാഷണൽ ലീ ജിയൺ ഫോർ ടെറിറ്റോറിയൽ ഡിഫെൻസിലായിരുന്നു ചേർന്നത്. കോയമ്പത്തൂരിൽ പ്ലസ്ടു പഠനം പൂർത്തിയാക്കിയതിന് ശേഷം ഇന്ത്യൻ സൈന്യത്തിൽ ചേരാൻ സായി നികേഷ് ശ്രമിച്ചെങ്കിലും ശാരീരിക യോഗ്യതാ പരിശോധനയിൽ പരാജയപ്പെട്ടു. ഇതോടെ സായിക്ക് സൈന്യത്തിലേക്കുള്ള പ്രവേശനം സാധ്യമായില്ല.

വാർ വീഡിയോ ഗെയിമുകളിൽ അതീവതല്പരനായ സായി നികേഷ് ഒരു മാസം മുമ്പ് അവധിക്ക് വന്നപ്പോൾ തന്നെ യുക്രൈൻ സൈന്യത്തിൽ ചേരുമെന്ന് അമ്മയെ അറിയിച്ചിരുന്നു. പിന്നീട് ഇന്റർനാഷണൽ ലീജിയൺ ഫോർ ടെറിറ്റോറിയൽ ഡിഫെൻസിൽ ചേർന്നു. സൈനിക യൂണിഫോമിൽ ആയുധങ്ങളുമായി നിൽക്കുന്ന ചിത്രം സായി നികേഷ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിരുന്നു. യുദ്ധമുഖത്ത് നിൽക്കുന്ന നിരവധി ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. 2018ലാണ് സായി നികേഷ് യുക്രൈനിലേക്ക് പോയത്. അഞ്ചുവർഷത്തെ കോഴ്സിനാണ് സായിനികേഷ് യുക്രൈനിലെത്തിയത്. സായി യുക്രൈൻ സൈന്യത്തിൽ ചേർന്ന വിവരം പുറത്തായതോടെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ വീട്ടിലെത്തി പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ സായിനികേഷിന്റെ മുറി നിറയെ സൈനികരുടെ ഫോട്ടോകളും പോസ്റ്ററുകളും പതിച്ചതായി കണ്ടെത്തിയിരുന്നു. യുക്രൈനിൽ അരലക്ഷത്തിലേറെ സിവിലിയന്മാർ യുദ്ധ മുന്നണിയിൽ പ്രവർത്തിക്കാൻ സൈന്യത്തിൽ ചേർന്നുവെന്നാണ് വിവരം. റഷ്യൻ അധിനിവേശം ആരംഭിച്ചതിന് പിന്നാലെ 18 മുതൽ 60 വയസുവരെ യുള്ളവർക്ക് സൈന്യത്തിൽ ചേരാം എന്ന ഉത്തരവ് യുക്രൈൻ പ്രസിഡന്റ് ഇറക്കുകയായിരുന്നു. ഇതിന് പുറമേ പൊതുജനത്തിന് ആയുധങ്ങളുടെ വിതരണവും യുക്രൈൻ സർക്കാർ നടത്തിയിരുന്നു.

# റാണി ഗൈഡിൻലിയു



**191**5 ജനുവരി 26-ന് അന്നത്തെ കൊളോണിയൽ മണിപ്പൂരിന്റെ പടിഞ്ഞാറൻ ഭാഗത്തുള്ള റോങ്മേയ് ഗ്രാമമായ നുങ്കാവോയിലാണ് ഗൈഡിൻലിയു ജനിച്ചത്. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്ത് വളർന്ന ഗൈഡിൻലിയുവിന് ഒരിക്കലും ഔപചാരിക വിദ്യാഭ്യാസം നേടാനായില്ല.

ബ്രിട്ടീഷുകാരെ മണിപ്പൂരിൽ നിന്ന് തുരത്തുന്നതിനായി ഹെരാക എന്ന പേരിൽ ഒരു സാമൂഹിക-രാഷ്ട്രീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ഹൈപോ ജാഡോനാങ് ഗൈഡിൻലിയുവിൽ ശക്തമായ സ്വാധീനം ചെലുത്തി. ഹൈപോ ജാഡോനാങ്ങിൽ രൂപീകരിച്ച ഹെരാക പ്രസ്ഥാനം പൂർവ്വിക നാഗാചാരങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിക്കുകയും ജനങ്ങളുടെ ശക്തമായ പിന്തുണ ആർജ്ജിക്കുകയും ചെയ്തു. ഹെരാക പ്രസ്ഥാനം ബ്രിട്ടീഷുകാർക്കെതിരെ ശക്തമായ എതിർപ്പിന്റെ ശബ്ദമായി ഉയർന്നു. 1931 ഫെബ്രുവരിയിൽ ഹൈപോ ജാഡോനാങ് അറസ്റ്റിലാവുകയും ബ്രിട്ടീഷ് അധികാരവർഗ്ഗം വിചാരണയ്ക്ക് ശേഷം 1931 ഓഗസ്റ്റ് 29 ന് ഇംഫാൽ ജയിലിൽ അദ്ദേഹത്തെ തൂക്കിലേറ്റി.

ജാഡോനാങ്ങിന്റെ മരണത്തോടെ, ഹെരാകാ പ്രസ്ഥാനത്തിന്റെ നേതൃത്വം കേവലം പതിനാറ് വയസ്സ് മാത്രമു ായിരുന്ന ഗൈഡിൻലിയുവിലായി. പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്ത ഗൈഡിൻലിയു ബ്രിട്ടീഷ് സർക്കാരിന് നികുതി നൽകരുതെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്തു. ബ്രിട്ടീഷുകാർക്കെതിരെ സ്വാതന്ത്ര്യത്തിന്റെ യുദ്ധകാഹളം മുഴക്കിയ ഗൈഡിൻലിയുവിന്റെ പ്രവർത്തനങ്ങൾക്ക് നാഗാ സമൂഹത്തിൽ നിന്നുള്ള ശക്തമായ പിന്തുണ ലഭിച്ചു. ഗൈഡിലിയുവിന്റെ പ്രവർത്തനങ്ങൾ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന് വലിയ ഭീഷണി ഉയർത്തി. അതിനാൽ ഗൈഡിൻലിയുവിനെ പിടിക്കുവാൻ ബ്രിട്ടീഷുകാർ പദ്ധതികൾ ആസൂത്രണം ചെയ്തു. ഗൈസിൻലിയുവിനെക്കുറിച്ച് വിവരങ്ങൾ നൽകുന്നവർക്ക് വൻതുക പ്രതിഫലം വാഗ്ദാനം ചെയ്തു. എന്നാൽ ഒരാളും ഗൈഡിൻലിയുവിനെക്കുറിച്ചുള്ള ഒരു വിവരവും കൈമാറാൻ തയ്യാറായില്ല. ഗൈഡിൻലിയു ഒളിവിൽ കഴിഞ്ഞുകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായ പോരാട്ടം തുടർന്നു.

ഒടുവിൽ ഗൈഡിൻലിയുവിനെ അറസ്റ്റ് ചെയ്യാൻ ബ്രിട്ടീഷുകാർ ക്യാപ്റ്റൻ മക്ഡൊണാൾഡിന്റെ നേതൃത്വത്തിൽ അസം റൈഫിൾസിന്റെ ഒരു പ്രത്യേക സേനയെ നിയോഗിച്ചു. പുലോമി എന്ന ഗ്രാമത്തിൽ ഗൈഡിൻലിയുവും അനുയായികളും ഉ ന്ന് ക്യാപ്റ്റൻ മക്ഡൊണാൾഡിന് റിപ്പോർട്ട് ലഭിച്ചയുടൻ, ഗൈഡിൻലിയുവിനെ തെറ്റിദ്ധരിപ്പിക്കാൻ ഒരു വലിയ സൈന്യത്തെ എതിർദിശയിലേക്ക് അയച്ചുകൊ ് അദ്ദേഹം പുലോമിയിൽ അപ്രതീക്ഷിത ആക്രമണം നടത്തി. 1932 ഒക്ടോബർ 17-ന് ഗൈഡിൻലിയുവിനെയും അനുയായികളെയും ബ്രിട്ടീഷ് പോലീസ് പിടികൂടി. ഗൈഡിൻലിയുവിന്റെ വിചാരണ പത്ത് മാസത്തോളം നീ ു. കൊലപാതകത്തിനും അസം റൈഫിൾസിന് നേരെയുള്ള ആക്രമണത്തിനും ഗൈഡിൻലിയുവിനെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. 1933 മുതൽ 1947 വരെ അവർ ഗുവാഹത്തി, ഷില്ലോങ്, ഐസ്വാൾ, തുടങ്ങിയ ജയിലുകളിൽ തടവിലാക്കപ്പെട്ടു.

1937-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി നിയമിതനായ ജവഹർലാൽ നെഹ്റു ഷില്ലോങ് ജയിലിൽ ഗൈഡിൻലിയുവിനെ കാണുന്നതിനായി പോയി. ഇരു സെല്ലിൽ പരിതാപകരമായ അന്തരീക്ഷത്തിൽ ഗൈഡിൻലിയുവിനെ ക പ്പോൾ നെഹ്റു ദുഃഖിതനായി. ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരായ ധീരമായ പോരാട്ടത്തിന് നെഹ്റു അവരെ വളരെയധികം പ്രശംസിച്ചു.

1937 ഡിസംബർ 18-ന് ദി ഹിന്ദുസ്ഥാൻ ടൈംസ് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ നെഹ്റു എഴുതി 'ഗാന്ധിയുടെയും കോൺഗ്രസിന്റെയും ആശയങ്ങൾ അവളിലും അവളുടെ കുന്നുകളിലും എത്തി. അവൾ തന്റെ ജനങ്ങളുടെ സ്വാതന്ത്ര്യം സ്വപ്നം കണ്ടു. അവൾ സ്വാതന്ത്ര്യത്തിന്റെ കൊടി ഉയർത്തി തന്റെ ജനങ്ങളെ വിളിച്ചു. അതിന് ചുറ്റും അണിനിരക്കുക. ജനങ്ങൾ അവൾക്കൊപ്പം അണിചേർന്നു.



# കൊയ്ത്തൊഴിഞ്ഞ പാടങ്ങളിൽ കണ്യാർകളി

പാലക്കാട്: ജില്ലയിൽ ഇന്നും സജീ വമായി അവതരിപ്പി ക്കുന്ന ഒരു നാടൻ അനുഷ്ഠാ ന ക്ഷേത്രകലയാണ് കണ്യാർകളി. ജില്ലയിലെ കിഴക്കൻ പ്രദേശമായ ആലത്തൂർ ചിറ്റൂർ താലൂക്കുകളിലെ ദേശമന്ദുകളിലും ഭഗവതിക്കാവുകളിലും ഒരു അർച്ചനയായി നേർച്ചയായി എല്ലാവർഷവും ഈ കല അരങ്ങേറുന്നു. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിൽ കൊയ്ത്തുത്സവത്തിന്റെ ഭാഗമായി കൊയ്തൊഴിഞ്ഞ നെൽപ്പാടങ്ങളിൽ അടുത്ത ഐശ്വര്യപൂർണമായ വിളവെടുപ്പിനായി നടക്കുന്ന പൂജാവി ധികളുടേയും ഈശ്വരാർച്ചനയുടേയും ഭാഗമായി കണ്യാർകളി എന്ന അനുഷ്ഠാന കലയും സമർപ്പിക്കുന്നു.

അതുകൊണ്ടുതന്നെ കുംഭ- മീന-മേടമാസ രാവുകളിൽ ചിലദേശങ്ങളിൽ തുടർച്ചയായി മൂന്നു രാത്രികളിലും ചിലയിടങ്ങളിൽ നാലു രാവുകളിലും നീണ്ട കണ്യാർകളി. കുരുത്തോലകളാലും വിവിധ വർണത്തിലുള്ള പുഷ്പങ്ങൾകൊണ്ടും അലങ്കരിച്ച ഒൻപതു കാൽപന്തലിൽ കളിവിളക്ക് കൊളുത്തിയാണ് കണ്യാർകളി അവതരിപ്പിക്കുക. കണ്യാർകളിയിൽ അതിമനോഹരമായ നൃത്തചുവടുകളും കാതിന് ഇമ്പമാർന്ന നാടൻ ശീലുകളും ആയോധനമുറയിലെ ചുവടുകളും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. മലയാളവും തമിഴും ഇടകലർന്ന നാടോടി സാഹിത്യം, നാടോടി സംഗീതവും ക്ലാസിക് സംഗീതവും ഇടകലർന്ന ഈരടികൾ ഫലി തരസവും സാഹിത്യ ഭംഗിയും നിറഞ്ഞ സംഭാഷണ ശകലങ്ങൾ (വാണാക്കം) വാദ്യഘോഷങ്ങൾ ചിത്രകലയിലെ വർണക്കൂട്ടുകൾ ചേർന്ന ചുട്ടികുത്തൽ എന്നിവ ഉൾച്ചേർന്ന കണ്യാർ, കഥകളി പോലെ വിശ്വോത്തരമായ നാടോടി കലാരൂപമാണെന്ന് നിസ്സംശയം പറയാം.

ഈകല അവതരിപ്പിക്കാനായി ദീർഘകാലത്തെ പരിശീലനം ആവശ്യമാണ്. ഒരു 'കളിയച്ഛന്റെ' അഥവാ കളിയാശാന്റെ കർക്കശമായ ശിക്ഷണത്തിൽ നൃത്തചുവടുകളും ഈരടികളും ആയോധന മുറയിലെ ചുവടുകളും അഭ്യസിച്ച് ഇടക്കളി പന്തലിൽ കളിച്ച ശേഷമാണ് അരങ്ങു പന്തലിൽ ഈകലാരൂപം അവതരിപ്പിക്കുന്നത്. കണ്യാർകളി നടക്കുന്ന ദിവസങ്ങളിൽ വൈകുന്നേരം ദേശമന്ദിൽ ചെ ണ്ട, മദ്ദളം, ഇലത്താളം എന്നീ വാദ്യോപകരണങ്ങളുടെ അകമ്ബടിയോടെ കേളികൊട്ടി കണ്യാർകളി വിളംബരം നടത്തുന്നു. കണ്യാർകളിയിൽ വട്ടക്കളി, പുറാട്ടു കളി എന്നിങ്ങനെ രണ്ടു വകഭേദങ്ങളുണ്ട്. വട്ടക്കളി ദേശത്തിലെ ആബാലവൃദ്ധം പുരുഷ പ്രജകളും ഒന്നിച്ചണിനിരക്കുന്ന നൃത്തരൂപത്തിലുള്ള അർച്ചനയാണ്. ഇതിൽ ചെണ്ട, മദ്ദളം, ഇലത്താളം, ചേങ്ങില, കുറുംകുഴൽ എന്നീ വാദ്യങ്ങൾക്കൊപ്പം ദേവീ ദേവന്മാരെ സ്തുതിക്കുന്ന പദങ്ങൾ പാടി പുരുഷ പ്രജകൾ ചുവടുവെച്ച് നൃത്തം ചെയ്തു കുമ്പിടുന്നു. വട്ടക്കളി അനുഷ്ഠാന പരമാണ്. തുടർന്ന്അരങ്ങേറുന്ന വിവിധ തരം പുറാട്ടുകൾ വിനോദാംശ പ്രധാനമാണ്. ഹിന്ദുക്കൾ തന്നെ വ്യത്യസ്ത ജാതി-മത വി ഭാഗങ്ങളെ പ്രതിനിധാനം ചെയ്ത് വേഷമണിഞ്ഞ് അരങ്ങത്തു വരുന്നത് അന്യ സംസ്കാരങ്ങളെ വണങ്ങുന്നു എന്ന മതമൈത്രിയുടേയും സമുദായ സൗഹാർദ്ദത്തിന്റേയും സന്ദേശമാണ് ഈകലയിലൂടെ നൽകുന്നത്.

# ഭാരതമെന്ന പേർ കേട്ടാൽ ...

യൂറോപ്പിൽ ഈയിടെയുണ്ടായ റഷ്യയും യുക്രൈനും തമ്മിലുള്ള സംഘർഷത്തിൽ ഒട്ടനവധി മലയാളികളടക്കമുള്ള ഭാരതീയർ കുടുങ്ങി കിടക്കുകയുണ്ടായി. അവരെ എല്ലാവരെയും തന്നെ ഭാരത സർക്കാർ പ്രത്യേക രക്ഷാപദ്ധതി തയ്യാറാക്കി സുരക്ഷിതമായി ജന്മനാട്ടിലെത്തിക്കുകയും ചെയ്തു. അതിനിടയിൽ  മലയാളികൾക്ക് അപമാനമുണ്ടാക്കിയ ഉണ്ടാക്കിയ ഒട്ടനവധി കാര്യങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഏറ്റവും വേദനാജനകമായത് ഏതാനും മലയാളി വിദ്യാർത്ഥികൾ ഞങ്ങൾ ഇന്ത്യാക്കാരല്ല മലയാളികളാണ് എന്ന് ദൃശ്യ മാധ്യമങ്ങളിലൂടെ അവകാശപ്പെട്ടതാണ്. ആ ദുരന്തപൂർവ്വമായ സാഹചര്യത്തിൽ ഉണ്ടായ കേവലം ബാലിശമായ ഒരു വാദഗതി എന്ന് പ്രഥമ ദൃഷ്ട്യാ തോന്നുമെങ്കിലും അതിന് പുറകിലെ അപകടങ്ങളെ കാണാതിരിക്കരുത്.

കേരള സംസ്ഥാന രൂപീകരണത്തിന്റെ കാലഘട്ടം മുതൽ ഇടയ്ക്കിടെ ഒളിഞ്ഞും തെളിഞ്ഞും ഉയരുന്നതാണ് ഭാരതത്തിൽ നിന്ന് വിഭിന്നമായ കേരളം എന്ന ചിന്താഗതി. നാട്ടുരാജ്യങ്ങളുടെ സംയോജന പരിശ്രമങ്ങൾ ഭാരതമെമ്പാടും നടക്കുമ്പോൾ സ്വതന്ത്ര തിരുവിതാം കൂർ വാദം സി.പി രാമസ്വാമി അയ്യരുടെ നേതൃത്വത്തിൽ ആരംഭിച്ചിരുന്നു. അന്ന് അത്തരമൊരു ചിന്തയ്ക്ക്


എതിരായുയർന്ന ശക്കമായ താക്കീതായിരുന്നു മഹാകവി വള്ളത്തോളിന്റെ

"ഭാരതമെന്ന പേർ കേട്ടാലഭിമാന പൂരിതമാവണമന്തരംഗം

കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക്  ഞരമ്പുകളിൽ"

ഈ ഈരടികൾ പരിചയമില്ലാത്ത, സ്വാധീനിച്ചിട്ടില്ലാത്ത മലയാളികളുണ്ടാവില്ല. എന്നാൽ രാഷ്ട്രീയ പാർട്ടികളുടെ വിശേഷിച്ച് ഇടത് പക്ഷ പ്രസ്ഥാനങ്ങളുടെ ഭാരത വിരുദ്ധത ഈ വിഷയത്തിൽ ആശയകുഴപ്പം ഉണ്ടാക്കി കൊണ്ടേ ഇരുന്നു. ഇ.എം.എസ് കേരളം മലയാളികളുടെ മാതൃഭൂമി എന്ന വിധത്തിൽ പുസ്തകമെഴുതി ഈ പ്രവണതയ്ക്ക് ശക്തി പകർന്നു. നിശ്ചിതമായ ഇടവേളകളിൽ കേരളം ഈ വിഷയം ചർച്ച ചെയ്തു വന്നു.

സമകാലിക സാമൂഹിക അന്തരീക്ഷത്തിൽ ഇടതുപക്ഷ പാർട്ടികളുടെ സ്വാധീനം കേരത്തിൽ മാത്രമായി ചുരുങ്ങുകയും മത തീവ്രവാദ ശക്തികൾക്ക് സുരക്ഷിതമായ താവളമായി കേരളം മാറുകയും ചെയ്തതോടെ കേരളത്തിന്റെ വേറിടൽ



വാദം ശക്തമായി ഉയരുകയാണ്.

വള്ളത്തോൾ കവിതയിലെ രണ്ടാം വരി കേരളമെന്ന് കേൾക്കു ബോൾ ചോര തിളയ്ക്കുകയും ഭാരതം എന്ന് കേൾക്കുമ്പോഴാകട്ടെ പുഛവും അപമാനവുമായി മാറുന്ന ദുരവസ്ഥയാണ് സംജാതമാക്കുന്നത്. ഇത് കേരളമാണ് തുടങ്ങി ഭീഷണി വാക്യങ്ങളും കേരളത്തിന്റെ അന്തരീക്ഷത്തിൽ മുഴങ്ങി കേട്ടു.

കേന്ദ്രസർക്കാരിനെ  നയിക്കുന്ന രാഷ്ട്രീയ പാർട്ടിയെ എതിർക്കുക എന്നത് പലപ്പോഴും ഭാരത വിരുദ്ധ പ്രസ്ഥാവനകളായി മാറി. അതിർത്തിക്കപ്പുറത്തുള്ള ഭാരതവിരുദ്ധർക്ക് ആശയവും ആയുധവുമായി കേരള നേതാക്കളുടെ പ്രസ്ഥാവനകൾ മാറി. സാമൂഹിക മാധ്യമങ്ങളിലെ സംഘടിതപ്രചരണങ്ങളും പൊതു സമൂഹത്തിൽ ഒരു വിഘടിത മനസ്സ് ഉളവാക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരുന്നു. ഇതിന്റെയെല്ലാം പരിണിത ഫലമാണ് ഏറ്റവും ഒടുവിൽ യുക്രൈനിൽ നിന്ന് കേട്ട അപസ്വരങ്ങൾ.

ഉപഭോഗ സംസ്കാരത്തിനടിമപ്പെട്ട് ആശ്രിത സമൂഹമായി എന്തിനും ഏതിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന മലയാളികൾ ഇതിന്റെ അപകടങ്ങൾ പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ല. ഈ പ്രവണത ഇനിയും അധികമായാൽ മറ്റ് സംസ്ഥാനങ്ങളിലെ ജനങ്ങളിൽ നിന്ന് ഒറ്റപ്പെടുകയും പ്രവാസികളായ കേരളീയർ അപഹാസ്യരാവുകയും ചെയ്യുന്ന സാഹചര്യം സംജാതമാകും.

വള്ളത്തോളിന്റെ കവിതയിലെ പോലെ അന്തരംഗം ഭാരതമെന്ന അഭിമാനത്താൽ പൂരിതമാവുകയും കേരളതനിമയാൽ രക്തം തിളയ്ക്കുന്ന നാഡീഞരമ്പുകളുമുള്ള ഒരു സാഹചര്യമാണ് നമുക്ക് അനിവാര്യമായുള്ളത്.

## അഖിലഭാരതീയ പ്രതിനിധി സഭ അംഗീകരിച്ച പ്രമേയം

## ഭാരതീയ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ ആഹ്വാനം
## പരിസ്ഥിതി സൗഹൃദ , ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം

# യുവാക്കൾ തൊഴിൽ സൃഷ്ടിക്കുന്നവരാകണം

**അഹമ്മദാബാദ്:** ഭാരതത്തെ സ്വയംപര്യാപ്തമാക്കാൻ സമൂഹം സ്വദേശി സമ്പദ് മാതൃകകൾ സ്വീകരിക്കണമെന്ന് ആർ എസ് എസ് . സമൃദ്ധമായ പ്രകൃതിവിഭവങ്ങളും വിപുലമായ മനുഷ്യശക്തിയും സംരംഭകത്വശേഷിയുംഉള്ള ഭാരതത്തിന് ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് കർണാ വതിയിൽ സമാപിച്ച അഖിലഭാരതീയ പ്രതിനിധി സഭ പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

തൊഴിൽ, ഉപജീവന മേഖലകളിൽ കൊവിഡ് സൃഷ്ടിച്ച ആഘാതം മറികടക്കാൻ സമൂഹം പുതിയ അവസരങ്ങൾ തുറന്നു. തൊഴിൽ മേഖലയിലെ വെല്ലുവിളി ലഘൂകരിക്കുന്നതിന് ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ മുഴുവൻ സമൂഹവും സജീവമായ പങ്ക് വഹിക്കേണ്ടതുണ്ടെന്ന് പ്രതിനിധി സഭ അഭിപ്രായപ്പെടുന്നു.

പരിസ്ഥിതി സൗഹൃദവും മനുഷ്യകേന്ദ്രിതവുമായ തൊഴിലുകൾക്ക് പ്രാധാന്യം നല്കുന്ന ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തമാകണം. അത് വികേന്ദ്രീകരണത്തിനും ആനുകൂല്യങ്ങളുടെ തുല്യ വിതരണത്തിനും ഊന്നൽ നൽകുന്നതാകണം. മൈക്രോ സ്കെയിൽ, ചെറുകിട, കാർഷിക അധിഷ്ഠിത വ്യവസായങ്ങൾ വർധിക്കണം .ഭാരതീയ സാമ്പത്തിക മാതൃകയ്ക്ക് ഊന്നൽ നൽകണം , പ്രമേയം അഭിപ്രായപ്പെടുന്നു. അസംഘടിത മേഖലയിലെയും സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ ശക്തമാകണം. സമ്പദ്‌വ്യവസ്ഥയിൽ അവരുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടതുണ്ട്. സാമൂഹിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ പുതിയ സാങ്കേതിക വിദ്യകൾ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്.

ഈ രീതികളെ അടിസ്ഥാനമാക്കി നിരവധി വിജയകരമായ തൊഴിൽ മാതൃകകൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടെന്നത് ശ്രദ്ധേയമാണ്. പ്രാദേശികമായ സവിശേഷതകൾ, ആവശ്യങ്ങൾ എന്നിവ കണക്കിലെടുത്താണ് അത്തരം മാതൃകകൾ ഉയരുന്നത്. മൂല്യവർധിത ഉൽപന്നങ്ങൾ, സഹകരണ മേഖല, പ്രാദേശിക ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിൽ സംരംഭകർ, വ്യവസായികൾ, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങി നിരവധി പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കരകൗശലവസ്തുക്കൾ, ഭക്ഷ്യ സംസ്കരണം, വീട്ടിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ, കുടുംബ സംരംഭങ്ങൾ തുടങ്ങിയ അനുഭവങ്ങൾ പരസ്പരം പങ്കുവെച്ച് ആവശ്യമുള്ള ഇടങ്ങളിൽ അവ പ്രാവർത്തികമാക്കണം. വിദ്യാഭ്യാസ, വ്യാവസായിക സ്ഥാപനങ്ങൾ തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളിൽ വലിയ സംഭാവന ചെയ്തിട്ടുണ്ട്. ദുർബലരും നിരാലംബരുമായവർ ഉൾപ്പെടെ സമൂഹത്തിലെ വലിയൊരു വിഭാഗത്തിന് സുസ്ഥിരമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ എല്ലാ വിജയഗാഥകളെയും പ്രതിനിധി സഭ അഭിനന്ദിക്കുന്നു. സമൂഹത്തിൽ 'സ്വദേശി, സ്വാശ്രയത്വ മനോഭാവം വളർത്തിയെടുക്കാൻ ഈ സംരംഭങ്ങൾക്ക് കഴിയും.

ഉയർന്ന തൊഴിൽ സാധ്യതയുള്ള ഉത്പാദന മേഖല ശക്തിപ്പെടുത്തേണ്ടതുണ്ട്, അത് ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യും. യുവാക്കളെ, തൊഴിൽ തേടുന്ന മാനസികാവസ്ഥയിൽ നിന്ന് പുറത്തുവരാൻ അവരെ ബോധവൽക്കരിക്കുകയും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും വേണം. സമാനമായ സംരംഭകത്വ മനോഭാവം സ്ത്രീകൾ, ഗ്രാമീണർ വനവാസികൾ തുടങ്ങിയവരിലും വളർത്തിയെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ, സാമൂഹിക നേതാക്കൾ, സംഘടനകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്ക് ഈ ലക്ഷ്യത്തിൽ ഫലപ്രദമായ പങ്കാളിത്തം ഉണ്ടായിരിക്കും. അതിനായി സർക്കാരും മറ്റ് സംവിധാനങ്ങളും ഒത്തുചേർന്ന് പരിശ്രമിക്കണം.

അതിവേഗം മാറുന്ന ആഗോള സാമ്പത്തിക, സാങ്കേതിക സാഹചര്യങ്ങളുടെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ഒരു സമൂഹമെന്ന നിലയിൽ നമ്മൾ പുതിയ വഴികൾ തേടുകയാണ്. വളർന്നുവരുന്ന ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയും കയറ്റുമതി സാധ്യതകളും ഉള്ള തൊഴിലവസരങ്ങളുടെയും സംരംഭകത്വത്തിന്റെയും അവസരങ്ങൾ സൂക്ഷ്

മമായി അന്വേഷിക്കണം. ജോലിക്ക് മുമ്പും ശേഷവും മനുഷ്യശക്തി പരിശീലനം, സ്റ്റാർട്ടപ്പുകൾക്കുള്ള പ്രചോദനം, ഹരിത സാങ്കേതിക സംരംഭങ്ങൾ തുടങ്ങിയവയിൽ നാം സ്വയം ഏർപ്പെടണം.

സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരവും സമഗ്രവുമായ വികസനം കൈവരിക്കുന്നതിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഭാരത കേന്ദ്രീകൃത മാതൃകകളിൽ പ്രവർത്തിക്കാൻ പ്രതിനിധി സഭ ആഹ്വാനം ചെയ്തു. വിവിധ തൊഴിൽ അവസരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മുഴുവൻ ശ്രമങ്ങളെയും ഉത്തേജിപ്പിക്കുന്ന, ആരോഗ്യകരമായ തൊഴിൽ സംസ്കാരം സ്ഥാപിക്കാൻ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളോടും പ്രതിനിധി സഭ അഭ്യർത്ഥിച്ചു. അതു വഴി ലോക സാമ്പത്തിക രംഗത്ത് ഭാരതത്തിന് അതിന്റെ ശരിയായ സ്ഥാനം തിരികെ ലഭിക്കും.



# മേക്കപ്പും, ഇറക്കം കുറഞ്ഞ വസ്ത്രങ്ങളും വേണ്ട ഹിജാബ് മതി; താലിബാൻ

**കാബൂൾ:** മേക്കപ്പും, ഇറക്കം കുറഞ്ഞ വസ്ത്രങ്ങളും ധരിച്ച് കോളേജിൽ എത്തരുതെന്ന് വിദ്യാർത്ഥിനികൾക്ക് നിർദ്ദേശം നൽകി അഫ്ഗാനിലെ ഹെറാത്ത് യൂണിവേഴ്സിറ്റി. ഇതുസംബന്ധിച്ച ഉത്തരവ് താലിബാൻ ഭരണകൂടം പുറത്തിറക്കി. താലിബാൻ നീക്കത്തിനെതിരെ കോളേജിലും ഒരുവിഭാഗം പെൺകുട്ടികൾ പ്രതിഷേധവുമായി എത്തിയിട്ടുണ്ട്. അഫ്ഗാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന പേക്ക്മീഡിയയാണ് ഇതുസംബന്ധിച്ച വാർത്തറിപ്പോർട്ട് ചെയ്യുന്നത്. അഫ്ഗാൻ ഭരണം താലിബാൻ ഏറ്റെടുത്തതിന് പിന്നാലെ സ്ത്രീകളുടെ വസ്ത്രധാരണത്തിലടക്കം കർശന നിയന്ത്രണങ്ങളാണ് താലിബാൻ ഭരണകൂടം ഏർപ്പെടുത്തിയിരിക്കുന്നത്. നേരത്തെ പതിനേഴ് രാജ്യങ്ങളിലെ വനിതാ വിദേശകാര്യ മന്ത്രിമാർ അഫ്ഗാനിലെ മനുഷ്യാവകാശ ലംഘനങ്ങളെകുറിച്ചും സ്ത്രീകൾക്കെതിരായ നിയന്ത്രണങ്ങളെ കുറിച്ചും ആശങ്ക പ്രകടിപ്പിച്ചിരുന്നു. അഫ്ഗാനിൽ നടന്ന പ്രത്യേക യോഗത്തിലാണ് മന്ത്രിമാർ ആശങ്ക പ്രകടിപ്പിച്ചത്. സ്ത്രീകൾക്കെതിരായ എല്ലാ നിയന്ത്രണങ്ങളും നീക്കണമെന്നാണ് വനിതാ മന്ത്രിമാർ താലിബാൻ ഭരണകൂടത്തോട് ആവശ്യപ്പെട്ടത്. കമ്പിളി പുതയ്ക്കുന്നത്പോലെ ഹിജാബ് ഉപയോഗിച്ച് ശരീരം മറയ്ക്കണമെന്നാണ് താലിബാൻ സ്ത്രീകൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. സർക്കാർസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് നൽകിയ നിർദ്ദേശമാണിത്. അഫ്ഗാനിൽ താലിബാൻ ഭരണം ഏറ്റെടുത്തതിന് പിന്നാലെ സ്ത്രീകളുടെ ജോലി വിഷയവും വിദ്യാഭ്യാസവും സംബന്ധിച്ച് വലിയ പ്രതിസന്ധിയാണ് നിലനിക്കുന്നത്. എന്നാൽ പഴയപോലെ അല്ല, സ്ത്രീകളെ ജോലിയ്ക്ക് പോകാൻ അനുവദിക്കുമെന്നും അവർക്ക് സ്വാതന്ത്ര്യം നൽകുമെന്നത് അടക്കമുള്ള കാര്യങ്ങൾ വിവരിച്ച ശേഷമാണ് താലിബാൻ ഭീകരർ അധികാരത്തിലേറിയത്. 1996–2001 ഭരണ കാലത്ത്സ്ത്രീകൾക്ക് പുറത്തിറങ്ങാനുള്ള സ്വാതന്ത്ര്യം പോലും താലിബാൻ നൽകിയിരുന്നില്ല. അതുപോലെ തന്നെ പുരുഷന്മാർ ഷേവ്ചെയ്യുന്നതും താലി ബാൻ വിലക്കിയിരുന്നു. സിനിമ, സംഗീതം, ടെലിവിഷൻ എന്നിവയ്ക്കെല്ലാം താലിബാൻ തങ്ങളുടെ ആദ്യ ഭരണ കാലത്ത് വിലക്ക് ഏർപ്പെടുത്തിയിരുന്നു.



# ദണ്ഡിയാത്ര

മഹാത്മാ ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രട്ടീഷ് ഗവൺമെന്റിനെതിരെ നടന്ന സ്വാതന്ത്ര സമര പ്രക്ഷോഭത്തിലെ ഏറ്റവും ജനകീയമായ ഒരേടായിരുന്നു 1930 ൽ ആരംഭിച്ച നിയമ ലംഘന പ്രസ്ഥാനം. തനിക്ക് ചുറ്റുമുള്ള പ്രകൃതിവിഭവങ്ങളെ സ്വന്തം ജീവിതാവിശ്യങ്ങൾക്കായി വിനിയോഗിക്കുന്ന തനതായ ജീവിത ശൈലിയെ കരിനിയമങ്ങളാൽ തകർത്തെറിയുകയായിരുന്നു ഇംഗീഷുകാർ. കടലും നദികളും വനപ്രദേശങ്ങളുമെല്ലാം സർക്കാർ സ്വത്തായി പ്രഖ്യാപിക്കുകയും അവയെ ഉപയോഗിക്കുന്നതിൽ നിന്ന് തദ്ദേശീയരെ വിലക്കുകയും ചെയ്തു. വ്യക്തി ജീവിതത്തിൽ വരെയുള്ള വിദേശ സർക്കാരിന്റെ ഇടപെടലിനെതിരെ ബഹുജനരോഷം ശക്തമായി.

1929 ൽ പൂർണ്ണ സ്വരാജ് കോൺഗ്രസ് അവിശ്യപ്പെട്ടതിന് ശേഷം നിയമ ലംഘനപ്രസ്ഥാനം മഹാത്മാ ഗാന്ധിജി ആരം ഭിച്ചു. വലിയ ജനപിന്തുണയാണ് സമരത്തിന് ലഭിച്ചത്. സബർ മതിയിൽ യിൽ നിന്ന് 390 കിലോമീറ്റർ അകലെയുള്ള ദണ്ഡിയിലേക്ക് 1930 മാർച്ച് 12 ന് ഗാന്ധിജിയുടെ നേതൃത്ത്വത്തിൽ 78 സമരഭടൻമാർ കാൽനടയായി യാത്രയാരംഭിച്ചു. അനേകായിരങ്ങൾ ദണ്ഡി യാത്രയെ അനുഗമിച്ചു. നിയമലംഘന പ്രസ്ഥാനത്തോടനുബന്ധിച്ചുള്ള സമരങ്ങൾ ഒരു വർഷ കാലത്തോളം നീണ്ടു നിന്നു. തീരപ്രദേശങ്ങളിൽ കടൽ വെള്ളം കുറുക്കി ഉപ്പ് നിർമ്മിച്ചും , ഉൾപ്രദേശങ്ങളിൽ നിയമം ലഘിച്ച് വനത്തിൽ പ്രവേശിച്ചുമായിരുന്നു സമരം ആസൂത്രണം ചെയ്യപ്പെട്ടത്. ഭാരതമൊട്ടാകെ അഹിംസാ മാർഗ്ഗത്തിൽ നിയമലംഘന പ്രക്ഷോഭം വ്യാപിച്ചു. 80000 ലധികം സ്വാതന്ത്ര സമര സേനാനികളെ ഈ സമരവുമായി ബസപ്പെട്ട് ജയിലിലായി.

കേരളത്തിൽ കോഴിക്കോട്ട് നിന്ന് പയ്യന്നൂർക്ക് ഉപ്പ് സത്യാഗ്രഹ ജാഥ കേളപ്പജിയുടെ നേതൃത്വത്തിൽ നടന്നു. സംഘസ്ഥാപകൻ ഡോക്ടർ കേശവ ബലിറാം ഹെഡ്ഗവാർ സർസംഘചാലക് ചുമതല മറ്റൊരാളെ ഏൽപ്പിച്ച് നിയമലംഘന പ്രക്ഷോഭത്തിന്റെ ഭാഗമായി വന സത്യാഗ്രഹത്തിൽ പങ്കെടുത്തു ജയിൽ ശിക്ഷ ഏറ്റുവാങ്ങി. ലോകമാകെയുള്ള മാധ്യമ ശ്രദ്ധ ഈ സമരത്തിനുണ്ടായി. ഭാരത സ്വാതന്ത്ര സമര പ്രസ്ഥാനത്തിൽ ജനകീയ പങ്കാളിത്തം കൊണ്ട് ഏറ്റവും ശ്രദ്ധേയമായ സമരമായിരുന്നു നിയമ ലംഘന പ്രസ്ഥാനവും അതോടനുബന്ധിച്ചുള്ള ദണ്ഡി യാത്രയും ഉപ്പ് സത്യാഗ്രഹവും.




വൃത്താന്തം അയോദ്ധ്യാപ്രിന്റേഴ്സിൽ
അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്. (വ്യക്തിഗത ഉപയോഗത്തിനു മാത്രം)
മാധവനിവാസ്, എളമക്കര പി. ഒ., പേരണ്ടൂർ റോഡ് - കൊച്ചി-26 മൊബൈൽ - 9656195171

E-mail-vrithanthamkeralam@gmail.com